കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.lfa.kerala.gov.

# മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്

# ഓഡിറ്റ് റിപ്പോർട്ട് 2017-18

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

e-mail:ddhglfalpy@gmail.com

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ട സഹിതം)

നം.കെ.എസ്.എ/എ.എൽ.പി/ 18

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,

ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ ജില്ല

തീയതി.

ഡെപ്യൂട്ടി ഡയറക്ടർ.

പ്രസിഡന്റ് (സെക്രട്ടറി മുഖേന)

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്ത്- 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

**********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2ലെ ഖണ്ഡികകളിലേയ്ക്കും ഭാഗം 3ലെ ഖണ്ഡികകളിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം ഗ്രാമ പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2)പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ആലപ്പുഴ

3)കാര്യാലയ പകർപ്പ്

നം.കെ.എസ്.എ/എ.എൽ.പി/ /18

## ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

ആലപ്പുഴ ജില്ലയിലെ മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. 16.06.2017 മുതൽ 31.01.2018 വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവ പരിശോധിച്ചിട്ടുണ്ട്. ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 25അന്വേഷണക്കുറിപ്പുകൾ

നൽകിയതിൽ .....എണ്ണത്തിന മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്. സ്ഥാപനത്തിൽ നിന്ന ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് ഉത്തരവാദിത്വമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റ് നടത്തുന്നതിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥന്റെ പേരും, ഉദ്യോഗപേരും | ജി.ഹരികുമാർ, ഡെപ്യൂട്ടി ഡയറക്ടർ |

| ഓഡിറ്റിന് വിനിയോഗിച്ച സമയം | ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥരുടെ പേരും തസ്തിക വിവരവും |
|---|---|
| 11.02.2019മുതൽ<br>20.02.2019 വരെ | ശ്രീമതി.വി.മായ,ഓഡിറ്റ് ഓഫീസർ<br>ശ്രീ. റോയ്. ടി.എം, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി. ജാക്വലിൻ. പി.ഡബ്ല്യു, സീനിയർ ഗ്രേഡ് ഓഡിറ്റർ<br>ശ്രീമതി.രാജിമോൾ.പി.സി, ഓഡിറ്റർ |

(ബി)നിർവ്വഹണാധികാരികൾ

1.പ്രസിഡന്റ്

| | |
|---|---|
| അഡ്വ. ഡി. പ്രിയേഷ് കുമാർ | 01.04.2017 മുതൽ 31.03.2018 വരെ |

2.സെക്രട്ടറി

| | | |
|---|---|---|
| 1 | ശ്രീ.കെ.എസ്. സോണി | 01.04.2017 മുതൽ 20.06.2017 വരെ |

| | | |
|---|---|---|
| 2 | ശ്രീ.ജി.വി.വിനോദ്കുമാർ, അസി.സെക്രട്ടറി (ചാർജ്ജ്) | 21.06.2017 മുതൽ 09.07.2017 വരെ |
| 3 | ശ്രീ.കെ.എം.ഷിബു | 10.07.2017 മുതൽ 31.03.2018 വരെ |

3.സ്റ്റാൻഡിംഗ് കമ്മറ്റി ചെയർമാൻ/ചെയർപേഴ്സൺ

| | | | |
|---|---|---|---|
| 1 | ധനകാര്യം | ശ്രീമതി. ഷീബ എസ് കുറുപ്പ് | 01.04.2017 മുതൽ 31.03.2018 വരെ |
| 2 | വികസനകാര്യം | ശ്രീ. പി.ബി.സുര | 01.04.2017 മുതൽ 31.03.2018 വരെ |
| 3 | ക്ഷേമകാര്യം | ശ്രീമതി. മിനി ആന്റണി | 01.04.2017 മുതൽ 31.03.2018 വരെ |
| 4 | ആരോഗ്യ-വിദ്യാഭ്യാസകാര്യം | ശ്രീ.കെ.കെ. രമണൻ | 01.04.2017 മുതൽ 31.03.2018 വരെ |

4.മറ്റ് നിർവ്വഹണ ഉദ്യോഗസ്ഥർ

| | | |
|---|---|---|
| കൃഷി ഓഫീസർ | ശ്രീമതി.ക്യൂനോ ജോസ് | 01.04.2017 മുതൽ 16.11.2017 വരെ |
| | ശ്രീ. ഷെറിൻ മസൂദ് | 17.11.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, അലോപ്പതി | ഡോ. രജനി | 01.04.2017 മുതൽ 31.03.2018 വരെ |
| മെഡിക്കൽ ഓഫീസർ, ഹോമിയോ | ഡോ. വിദ്യ.എം.പൈ | 01.04.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| മെഡിക്കൽ ഓഫീസർ, ആയുർവേദം | ഡോ.ജിജി ജോൺ | 01.04.2017 മുതൽ 31.03.2018വരെ |
| ഫിഷറീസ് സബ് ഇൻസ്പെക്ടർ | ശ്രീമതി.അനരാജ് | 01.04.2017 മുതൽ 31.03.2018വരെ |
| സീനിയർ വെറ്ററിനറി സർജൻ | ഡോ.കെ.എ.ജോയ് | 01.04.2017 മുതൽ 01.02.2018വരെ |
| | ഡോ. ജോർജ്ജ് വർഗ്ഗീസ് | 02.02.2018 മുതൽ 31.03.2018വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി. സുജാദേവി എസ്. | 01.04.2017 മുതൽ 31.03.2018വരെ |
| അസിസ്റ്റന്റ് എഞ്ചിനീയർ | ശ്രീമതി. ലീന. ആർ | 01.04.2017 മുതൽ 31.03.2018 വരെ |
| എച്ച്.എം.യു.പി.എസ് | ശ്രീമതി. സ്വർണ്ണമ്മ | 01.04.2017മുതൽ 31.03.2018വരെ |
| വി.ഇ.ഒ. മാരാരിക്കുളം | ശ്രീമതി. ഹാഷ്മി രാജ് | 01.04.2017 മുതൽ 31.03.2018 വരെ |
| വി.ഇ.ഒ. കണിച്ചുകുളങ്ങര | ശ്രീമതി.സ്മിത.ഒ | 01.04.2017 മുതൽ 31.03.2018വരെ |
| ഡയറി എക്സ്റ്റൻഷൻ ഓഫീസർ | ശ്രീമതി. സലീല | 01.04.2017 മുതൽ 31.03.2018വരെ |

| | | |
|---|---|---|
| | | |
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീ.ജി.വി.വിനോദ്കുമാർ | 01.04.2017 മുതൽ 31.03.2018വരെ |

ഉള്ളടക്കം


| ക്രമ നം. | ഭാഗം 1 | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | പൊതു അവലോകനം | 1-1 to 1-12 |
| | ഭാഗം2 | |
| 2 | | 2-1 |
| 3 | | 2-2 |
| 4 | | 2-3 |
| 5 | | 2-4 |
| | ഭാഗം 3 | |
| 6 | | 3-1 |
| 7 | | 3-2 |
| 8 | | 3-3 |
| 9 | | 3-4 |
| 10 | | 3-5 |
| 11 | | 3-6 |
| 12 | | 3-7 |
| 13 | | 3-8 |
| 14 | | 3-9 |
| 15 | | 3-10 |
| 16 | | 3-11 |
| 17 | | 3-12 |
| 18 | | 3-13 |
| 19 | | 3-14 |
| 20 | | 3-15 |
| 21 | | 3-16 |
| | ഭാഗം 4 | |

| | | |
|---|---|---|
| 22 | പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും | 4-1 to 4-10 |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

29.03.2017 തീയതിയിലെ 1(1)-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. പുതുക്കിയ/പരിഷ്കരിച്ച ബജറ്റ് 14.02.2018 തീയതിയിലെ 3(1) തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. ബജറ്റിന്റെ വിശദ വിവരം ചുവടെ ചേർക്കുന്നു.

| | വരവ് | ചെലവ് |
|---|---|---|
| ബജറ്റ് പ്രകാരം | 185598530 | 149244600 |
| വാർഷിക കണക്ക് പ്രകാരം | 116503614 | 94106489 |

ഗ്രാമ പഞ്ചായത്തിന്റെ 2017-18 വർഷത്തെ ബജറ്റ് തയ്യാറാക്കുന്നതിൽ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പിൽ അനുശാസിക്കുന്ന നിയമാനുസൃത നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

1) നോൺ പ്ലാൻ എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റിയുടെ നേതൃത്വത്തിൽ ഘടകസ്ഥാപന മേധാവികളുടെ യോഗം സെക്രട്ടറി വിളിച്ച് ചേർത്തതിന് രേഖയില്ല.

2) ഘടകസ്ഥാപന മേധാവികൾ നോൺപ്ലാൻ ബജറ്റ് നിർദ്ദേശങ്ങൾ തയ്യാറാക്കി ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മറ്റികൾക്ക് പരിശോധനയ്ക്കും നിർദ്ദേശങ്ങൾക്കുമായി നൽകിയിട്ടില്ല

3) അംഗീകരിച്ച വാർഷിക പദ്ധതിയും മുൻകൂട്ടി തയ്യാറാക്കിയ നോൺ പ്ലാൻ എസ്റ്റിമേറ്റും സംയോജിപ്പിച്ചാണ് കരട് ബജറ്റ് തയ്യാറാക്കിയിട്ടുള്ളതെന്ന് ധനകാര്യസ്റ്റാൻഡിംഗ് കമ്മറ്റി ഉറപ്പുവരുത്തിയിട്ടില്ല.

നടപടിക്രമങ്ങൾ പാലിക്കാതെ ബജറ്റ് തയ്യാറാക്കിയതുമൂലം ബജറ്റ് പ്രകാരമുള്ള പ്രതീക്ഷിത വരവുചെലവുകളും യഥാർത്ഥ വരവുചെലവുകളും തമ്മിൽ വലിയ വ്യത്യാസം ഉണ്ടായിട്ടുണ്ട്. മുൻവർഷങ്ങളിലെ വരവുചെലവുകൾ വിശകലനം ചെയ്ത് യാഥാർത്ഥ്യവുമായി പൊരുത്തപ്പെടുന്ന രീതിയിൽ പ്രതീക്ഷിത വരവുചെലവുകൾ കണക്കാക്കി ബജറ്റ് തയ്യാറാക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

### 1-2 വാർഷിക ധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|
| 31.07.2018 | 07.05.2018 |

### 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം.

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/തീയതി | സർട്ടിഫിക്കറ്റ് വിവരം |
|---|---|---|
| 2017-18 | KSA-ALP-GA4-1126(62)/2018 | വിശേഷണങ്ങളോടുകൂടിയത് |

| | | |
|---|---|---|
| | തീയതി. 19.07.2018 | |

1-4 സാമ്പത്തിക വിശകലനം (റസീപ്റ്റ് & പേയ്മെന്റ് പ്രകാരം)

| | |
|---|---|
| മുന്നിരിപ്പ് | 38428468 |
| വരവ് | 78075146 |
| ആകെ | 116503614 |
| ചെലവ് | 94106489 |
| നീക്കിയിരിപ്പ് | 22397125 |

1-5 ഫണ്ട് വിനിയോഗം (ACR പ്രകാരം)

| ഫണ്ടിനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| വികസനഫണ്ട് ജനറൽ | 0 | 17939000 | 17939000 | 17907631 | 31369 |
| വികസനഫണ്ട് എസ്.സി.പി | 0 | 4121482 | 4121482 | 4121482 | 0 |
| വികസനഫണ്ട് ടി.എസ്.പി | 0 | 425827 | 425827 | 425827 | 0 |
| മെയിന്റനൻസ് ഗ്രാന്റ് റോഡ് | 0 | 3902000 | 3902000 | 3902000 | 0 |
| മെയിന്റനൻസ് ഗ്രാന്റ് നോൺ റോഡ് | 0 | 4995000 | 4995000 | 4836000 | 159000 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് | 0 | 13908842 | 13908842 | 10114082 | 3794760 |
| കെ.എൽ.എസ്.ജി.ഡി.പി | 0 | 1366969 | 1366969 | 1216218 | 150751 |
| ട്രഷറി ടി.എസ്.ബി (ജനറൽ പർപ്പസ്) | 9929502 | 12388922 | 22318424 | 22767161 | -448737 |
| എസ്.ബി.ഐ ഇ പേമെന്റ് | 0 | 45471 | 45471 | 2419 | 43052 |
| കാനറ ബാങ്ക് ടോട്ടൽ സാനിട്ടേഷൻ | 874859 | 31569 | 906428 | 307875 | 598553 |
| കാനറ ബാങ്ക് ലിറ്ററസി | 3065 | 118 | 3183 | 0 | 3183 |
| ട്രഷറി ടി.എസ്.ബി ജോയിന്റ് വെഞ്ചർ | 0 | 5835250 | 5835250 | 6178750 | -343500 |
| എം.എൻ.ആർ.ഇ.ജി.എസ്. | 48128.50 | 1611471 | 1659599.50 | 1612740 | 46859.50 |
| തനതുഫണ്ട് | 27250993.50 | 14892679 | 42143672.5 | 19870976 | 22272696.50 |
| ADCB Bio-Hedge | 48123 | 1824 | 49947 | 0 | 49947 |

| | | | | | |
|---|---|---|---|---|---|
| ബി ഫണ്ട് | 0 | 560120 | 560120 | 560120 | 0 |
| ക്യാഷ് (തനത് ഫണ്ട്) | 229143 | 164518 | 393661 | 229143 | 164518 |
| ദുരിതാശ്വാസ നിധി | 41415 | 19842 | 61257 | 54065 | 7192 |
| കോ ഓപ്പറേറ്റീവ് സൊസൈറ്റിA1509 | 567 | 23 | 590 | 0 | 590 |
| കോ ഓപ്പറേറ്റീവ് സൊസൈറ്റിA 97 | 500 | 0 | 500 | 0 | 500 |
| കോ ഓപ്പറേറ്റീവ് സൊസൈറ്റി 1179 | 2172 | 99 | 2271 | 0 | 2271 |

കുറിപ്പ്: ട്രാൻസാക്ഷൻ നടക്കാത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യുന്നതിനും ബാലൻസ് തുക, ലഭിച്ച ഫണ്ടിന്റെ അടിസ്ഥാനത്തിൽ അതത് ശീർഷകങ്ങളിൽ അടവാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്. ധനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത്(എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 110 | 61600054 | 85 | 50108268 | 14 | 11 | 77 |

1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരിപ്പ് |
|---|---|---|---|---|---|
| ഭരണ ചെലവുകൾ | 48128.50 | 1611471 | 1659599.50 | 1612740 | 46859.50 |
| ഗുണഭോക്താക്കൾക്ക് നേരിട്ട് നൽകുന്നത് | 0 | 51726181 | 51726181 | 51726181 | 0 |
| ആകെ | 48128.50 | 53337652 | 53385780.50 | 53338921 | 46859.50 |

1-8ക്ഷേമപദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽ രഹിതവേതനം | 318120 | 539 |
| കർഷകതൊഴിലാളി പെൻഷൻ | 7239800 | 608 |
| വിധവാ പെൻഷൻ | 7550300 | 647 |
| വാർദ്ധക്യകാല പെൻഷൻ | 11821400 | 909 |
| വികലാംഗ പെൻഷൻ | 5201300 | 426 |
| അവിവാഹിത പെൻഷൻ | 1076100 | 125 |
| വിധവകളുടെ പെൺമക്കൾക്ക് വിവാഹധനസഹായം | 210000 | 7 |

1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 11.02.2019 ന് സ്ഥാപന തലവന്റെ/ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 43617 രൂപ ക്യാഷ് ബാലൻസിന്റെ കൃത്യത ബോധ്യപ്പെട്ടു.

1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമ പഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണത്തിലെ അപാകതകൾ ചുവടെ ചേർക്കുന്നു.

1)ഗ്രാമ പഞ്ചായത്തുകളുടെ ഭരണനിർവ്വഹണവും ആഭ്യന്തരനിയന്ത്രണവും കൂടുതൽ കാര്യക്ഷമമാക്കുന്നതിനും പൊതുജനങ്ങൾക്കുള്ള സേവനങ്ങൾ യഥാസമയം ലഭ്യമാക്കുന്നതിനുമായി 02.07.2009-ലെ ജി.ഒ(എം.എസ്.) 123/2009/ത.സ്വ.ഭ.വ ഉത്തരവ് പ്രകാരം നിലവിൽ വന്ന ഫ്രണ്ട് ഓഫീസ് സംവിധാനം ഗ്രാമ പഞ്ചായത്തിൽ പ്രവർത്തിക്കുന്നുണ്ട്. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷം ഫ്രണ്ട് ഓഫീസ് ഡയറി സൂക്ഷിച്ചിട്ടില്ല. ഫ്രണ്ട് ഓഫീസ് പ്രവർത്തനം കാര്യക്ഷമമായും ഫലപ്രദമായും നടക്കുന്നു എന്ന് ഉറപ്പുവരുത്താൻ പഞ്ചായത്ത് തലത്തിൽ മോണിറ്ററിംഗ് സമിതി രൂപീകരിച്ചിട്ടുണ്ട്. എന്നാൽ 2017-18 വർഷം 06.01.2018, 04.02.2018, 03.03.2018 തീയതികളിൽ മാത്രമാണ് യോഗം ചേർന്നിട്ടുള്ളത്.

2)ഫ്രണ്ട് ഓഫീസിൽ ലഭിക്കുന്ന അപേക്ഷകൾ നേരിട്ട് സെക്ഷനിലേക്ക് കൊടുക്കുന്ന രീതിയാണ് തുടരുന്നത്. തപാലുകളുടെ തീർപ്പാക്കൽ വിവരം കൃത്യമായി നിരീക്ഷിക്കപ്പെടുന്നില്ല.

3)സ്ഥാപനത്തിലെ പണം സൂക്ഷിപ്പിന് ഇൻഷ്വറൻസ് കവറേജ് ഇല്ല.

4)വാങ്ങലുകൾക്കായി അംഗീകൃത വെണ്ടർ ലിസ്റ്റ് തയ്യാറാക്കപ്പെടുന്നില്ല.

5)സ്റ്റോക്ക് രജിസ്റ്ററിൽ ആകെ സ്റ്റോക്ക് വിവരം, വാർഷിക സ്റ്റോക്ക് നീക്കിയിരിപ്പ് വിവരം എന്നിവ ലഭ്യമല്ല. വാർഷിക സ്റ്റോക്ക് ബാലൻസ് ഓഫീസ് മേധാവി പരിശോധിച്ച് സാക്ഷ്യപ്പെടുത്തുന്നില്ല.

6)ഭരണസമിതി കൈക്കൊള്ളുന്ന തീരുമാനങ്ങൾ നടപ്പാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുന്നതിനായി ഒരു വാച്ച് രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

7) ആസ്തി രജിസ്റ്ററിൽ ആവശ്യമായ വിവരങ്ങൾ ചേർത്ത് കാലികമാക്കിയിട്ടില്ല.

8) ആസ്തികൾക്ക് ഇൻഷ്വറൻസ് പരിരക്ഷ നൽകുന്നില്ല.

9) കാലഹരണപ്പെട്ടതും പ്രവർത്തന രഹിതവുമായ ആസ്തികൾക്ക് പ്രത്യേക രജിസ്റ്റർ സൂക്ഷിച്ചിട്ടില്ല. ആസ്തികൾ കൈയൊഴിയുന്നതുമായി ബന്ധപ്പെട്ട വിവരങ്ങളൊന്നുംതന്നെ രേഖപ്പെടുത്തി സൂക്ഷിക്കുന്നില്ല

10) തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കാൻ ആവശ്യമായ നടപടികൾ

സ്വീകരിക്കുന്നില്ല.

മേൽ അപാകതകൾ പരിഹരിക്കേണ്ടതാണ്.

1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 12.01.2019&13.01.2019 | 12/2018 | ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.11.2017 – 17.11.2017 | 2012-13 മുതൽ 2016-17 വരെ | 06.01.2018 |

1-12 വാർഷിക കണക്കിലെ അപാകതകൾ

വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായമിനത്തിലുള്ള ചെലവ് 210000 രൂപ ഇൻകം ആന്റ് എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് I-6 -ൽ രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും റസീപ്റ്റ് ആന്റ് പേമെന്റ് അക്കൗണ്ട് RP-7 ൽ ചേർത്തിട്ടില്ല.

മറ്റ് അപാകതകൾ KSA-ALP-GA4-1126( 62 )/2018 തീയതി. 19.07.2018 – ൽ പരാമർശിച്ചിട്ടുണ്ട്.

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 വസ്തുനികുതി നിർണ്ണയത്തിലെ അപാകത

പഞ്ചായത്തിൻെറ വസ്തുനികുതി പിരിവുമായി ബന്ധപ്പെട്ട അസസ്സ്മെൻറ് രജിസ്റ്റർ പരിശോധിച്ചതിൽ ശ്രീ വി എം പ്രതാപൻ എന്നയാളുടെ 100 ചതുരശ്ര മീറ്ററിലധികം വിസ്തീർണ്ണമുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടം പല മുറികളായി തിരിച്ച് (കെട്ടിടനം 8/67A മുതൽ 67G വരെ) ചതുരശ്ര മീറ്ററിന് 40/- രൂപ നിരക്കിലാണ് നികുതി നിർണ്ണയിച്ചിരിക്കുന്നത്.ഈ കെട്ടിടത്തിൻെറ വിസ്തീർണ്ണം 156.38 ചതുരശ്ര മീറ്ററാണ്. മാരാരിക്കുളം വടക്ക് പഞ്ചായത്തിൻെറ 29.10.2011ലെ വസ്തുനികുതി സംബന്ധിച്ച അന്തിമ വിജ്ഞാപന പ്രകാരം 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള വാണിജ്യാവശ്യത്തിനുള്ള കെട്ടിടങ്ങളുടെ വസ്തുനികുതി ചതുരശ്ര മീറ്ററിന് 60/- രൂപയാണ്. ആയതിനാൽ ഈ കെട്ടിടത്തെ 100 ചതുരശ്ര മീറ്ററിന് മുകളിലുള്ള കെട്ടിടങ്ങളുടെ ഗണത്തിൽപ്പെടുത്തി ചതുരശ്ര മീറ്ററിന് 60/- രൂപ നിരക്കിൽ നികുതി നിർണ്ണയിക്കാവുന്നതാണ്. വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം. 24/20.2.19) ലഭ്യമാക്കിയ മറുപടിയിൽ നികുതി പുനർ നിർണ്ണയിക്കുന്നതാണെന്നറിയിച്ചിട്ടുണ്ട്. നികുതി പുനർനിർണ്ണയം നടത്തി രേഖകൾ ഓഡിറ്റിൽ ലഭ്യമാക്കേണ്ടതാണ്.

## 2-2 തൊഴിൽ നികുതി അപാകതകൾ സംബന്ധിച്ച്

തൊഴിൽ നികുതി സംബന്ധിച്ച രജിസ്റ്റർ, സ്ഥാപന മേധാവികൾ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ എന്നിവ പരിശോധിച്ചതിൽ ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

1.തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്

ചേർത്തല എസ് എൻ കോളേജിലെ പാർട്ട് ടൈം ലക്ചറർ (Law) ശ്രീ എൻ വിജയകുമാറിൻെറ രണ്ട് അർദ്ധവർഷങ്ങളിലെയും തൊഴിൽനികുതി ഒടുക്കിയതിൽ കുറവുണ്ട്.വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| അർദ്ധവർഷം | അർദ്ധ വർഷ വരുമാനം | ഈടാക്കേണ്ടിയിരുന്ന നികുതി | ഈടാക്കിയ നികുതി | കുറവ് |
|---|---|---|---|---|
| ഒന്നാം അർദ്ധവർഷം | 129960 | 1250/- | 1000/- | 250 |
| രണ്ടാം അർദ്ധവർഷം | 129960 | 1250/- | 1000/- | 250 |
| | | | ആകെ | 500/- |

തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ് വന്ന 500/-രൂപ ഈടാക്കി ആയതിൻെറ രേഖകൾ ഓഡിറ്റിൽ ഹാജരാക്കേണ്ടതാണ്.

2.സ്ഥാപന നികുതി ഈടാക്കിയിട്ടില്ല

പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന താഴെപ്പറയുന്ന സ്ഥാപനങ്ങൾ സ്ഥാപനനികുതി ഒടുക്കിയിട്ടുള്ളതായി രജിസ്റ്ററിലോ ഫയലിലോ രേഖപ്പെടുത്തിയിട്ടില്ല.

| ക്രമനം | സ്ഥാപനം | റിമാർക്സ് |
|---|---|---|
| 1 | പൊക്ലാശ്ശേരി KUCS A242(D) Apcos | ഒടുക്കിയിട്ടില്ല |
| 2 | KSEB | രണ്ടാം അർദ്ധവർഷം ഒടുക്കിയിട്ടില്ല |
| 3 | മാവേലിസ്റ്റോർ ,കണിച്ചുകുളങ്ങര | ഒടുക്കിയിട്ടില്ല |

വിശദീകരണം നൽകുവാനാവശ്യപ്പെട്ടുള്ള ഓഡിറ്റ് എൻക്വയറിക്ക്(നം.9/14.2.19) നൽകിയ മറുപടിയിൽ മാരാരി റിസോർട്ടിലെ ജീവനക്കാരുടെ തൊഴിൽനികുതിയിൽ കുറവ് വന്ന തുക ഈടാക്കിയതിൻെറ രേഖകൾ ഹാജരാക്കിയെങ്കിലും മറ്റ് പരാമർശങ്ങൾക്കൊന്നും മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന നികുതി ഈടാക്കി ആയതിൻെറ രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

## 2-3 ഡി&ഒ ലൈസൻസ് അപാകതകൾ

ഗ്രാമപഞ്ചായത്തിന്റെ 2017-18 വർഷത്തെ ഡി& ഒ ലൈസൻസ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും പരിശോധിച്ചതിൽ ഓഡിറ്റിൻെറ ശ്രദ്ധയിൽപ്പെട്ട അപാകതകൾ ചുവടെ ചേർക്കുന്നു.

എ)മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയതിൽ കുറവ്
ചുവടെ കൊടുത്തിരിക്കുന്ന സ്ഥാപനങ്ങൾ നൽകിയിരിക്കുന്ന അപേക്ഷയിൽ രേഖപ്പെടുത്തിയിരിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തിക്ക് ആനുപാതികമായി പ്രസ്തുത ചട്ടത്തിലെ പട്ടിക 3 പ്രകാരം ഈടാക്കാവുന്ന മോട്ടോർ റണ്ണിംഗ് ഫീസ് ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം/ഉടമയുടെ പേര് | യന്ത്രത്തിന്റെ കുതിരശക്തി | ഈടാക്കേണ്ടിയിരുന്ന ഫീസ് | ഈടാക്കിയ ഫീസ് | കുറവ് |
|---|---|---|---|---|---|
| 1 | ഇമാസ്കോ ആഗ്രോ ടെക് പ്രൈ.ലി.,ഷാജൻ എബ്രഹാം | 250 HP | 2500/- | 2000 | 500/- |
| 2 | നാച്വറൽ ഫൈബർ ടഫ്റ്റ്,ബൈജു സത്യപാലൻ | 153HP | 2000/- | - | 2000/- |
| 3 | കയർഫെഡ്,പി വി സി ടഫ്റ്റ് | 205 HP | 2050/- | 500/- | 1550/- |
| ആകെ | | | | | 4050/- |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയതിന്റെ അടിസ്ഥാനത്തിൽ ക്രമനം 2ൽ സൂചിപ്പിച്ച നാച്വറൽ ഫൈബർ ടഫ്റ്റ് എന്ന സ്ഥാപനം ഓഡിറ്റ് തീയതിയിൽ 2000/-രൂപ ഒടുക്കിയതായും(രസീത് നം.118020103548/20.02.2019) മറ്റ് രണ്ട് സ്ഥാപനങ്ങൾക്കും തുക ഒടുക്കുവാനാവശ്യപ്പെട്ട് കത്ത് നൽകിയതായും അറിയിച്ചു. ക്രമനം 1,3 പ്രകാരം ശേഷിക്കുന്ന 2050/-രൂപ ഈടാക്കി രേഖകൾ ഓഡിറ്റിൽ പരിശോധനയ്ക്ക് ഹാജരാക്കേണ്ടതാണ്.

ബി)ഡി&ഓ ലൈസൻസ് അപേക്ഷകൾ അപൂർണ്ണം

പല സ്ഥാപനങ്ങളും ഡി&ഓ ലൈസൻസിനായി സമർപ്പിച്ചിട്ടുള്ള അപേക്ഷയിൽ ദിവസേനയുള്ള വിറ്റുവരവ്, ഉപയോഗിക്കുന്ന യന്ത്രത്തിന്റെ കുതിരശക്തി എന്നിവ രേഖപ്പെടുത്തിയിട്ടില്ല.

സ്ഥാപനങ്ങൾ ലൈസൻസിനായി സമർപ്പിക്കുന്ന അപേക്ഷയിൽ സ്ഥാപനത്തിന്റെ ഒരു ദിവസത്തെ ശരാശരി വിറ്റുവരവ്, ഉപയോഗിക്കുന്ന യന്ത്രസാമഗ്രികളുടെ കുതിരശക്തി തുടങ്ങി ഫീസ് നിർണ്ണയിക്കുന്നതിനാവശ്യമായ വിവരങ്ങൾ രേഖപ്പെടുത്തുന്നുണ്ടെന്ന് അപേക്ഷ സ്വീകരിക്കുമ്പോൾ തന്നെ ഉറപ്പുവരുത്തേണ്ടതും ആയതിനനുസരിച്ച് ഫീസ് ചുമത്തുന്നതിന് ശ്രദ്ധിക്കേണ്ടതുമാണ്.

സി)റേഷൻകടകൾ ലൈസൻസ് ഇല്ലാതെ പ്രവർത്തിക്കുന്നു

1996 ലെ പഞ്ചായത്ത് രാജ് (ആപത്ക്കരവും അസഹ്യവുമായ വ്യാപാരങ്ങൾ,ഫാക്ടറികൾ എന്നിവക്ക് ലൈസൻസ് നൽകൽ) ചട്ടങ്ങൾ ചട്ടം 3 പട്ടിക 1പ്രകാരം ലൈസൻസ് ആവശ്യമുള്ള, പഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന റേഷൻ കടകൾക്ക് ലൈസൻസ് നൽകുകയോ പുതുക്കുകയോ ചെയ്യുന്നില്ല. വിശദീകരണം ആവശ്യപ്പെട്ട് നല്കിയ ഓഡിറ്റ് എൻക്വയറിക്ക്(നം.18/19.2.19) ലഭ്യമാക്കിയ മറുപടിയിൽ പഞ്ചായത്തിലെ മുഴുവൻ റേഷൻ വ്യാപാരികളുടെയും വിവരങ്ങൾ ശേഖരിക്കുന്നതിനായി സിവിൽ സപ്ലൈസ് ഓഫീസിലേക്ക് കത്ത് നൽകിയിട്ടുണ്ടെന്നും ലിസ്റ്റ് ലഭിക്കുന്ന മുറയ്ക്ക് ലൈസൻസ് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്നും അറിയിച്ചിട്ടുണ്ട്. എല്ലാ വ്യാപാരങ്ങൾക്കും നിയമാനുസൃതം ലൈസൻസ് നൽകുന്നതിനും പുതുക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണ്.

## 2-4 മൊബൈൽ ടവറുകളുടെ വസ്തു നികുതി ഈടാക്കുന്നില്ല

സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ പഞ്ചായത്ത് പരിധിയിൽ ഉള്ള താഴെപ്പറയുന്ന മൊബൈൽ ടവറുകളുടെ നികുതി നിർണ്ണയിക്കുകയോ ഡിമാൻറ് ചെയ്യുകയോ ചെയ്തതായി കാണുന്നില്ല. സഞ്ചയ സോഫ്റ്റ് വെയറിലെ ഫോറം6 ൽ ഈ ടവറുകളുടെ വസ്തുനികുതി തറ വിസ്തീർണ്ണത്തിന്റെ അടിസ്ഥാനത്തിൽ നിർണ്ണയിച്ചിട്ടില്ല. ടി ടവറുകൾ എന്നുമുതൽ പ്രവർത്തനം ആരംഭിച്ചുവെന്നോ വസ്തുനികുതിയിനത്തിൽ എത്ര തുക കുടിശ്ശിക ഉണ്ടെന്നോ വ്യക്തമല്ല. കുടിശ്ശിക തുക ഈടാക്കുന്നതിനാവശ്യമായ തുടർനടപടികൾ ഒന്നും

സ്വീകരിച്ചതായി കാണുന്നില്ല.

| കെട്ടിട നം/വാർഡ് നം | ടവറിൻെറ പേര് |
|---|---|
| 3/18A | BSNL ടവർ |
| 3/18B | Indus ടവേഴ്സ് |
| 10/158A | BSNL ടവർ |
| 11/517E | BSNL ടവർ |
| 14/298A | ATC Telecom Infrastructue pvt Ltd |
| 17/427B | BSNL ടവർ |

വിശദീകരണം ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് മറുപടി ലഭ്യമാക്കിയില്ല. ടവറുകളുടെ നികുതി നിർണ്ണയിച്ച് ഈടാക്കേണ്ടതും രേഖകൾ പരിശോധനയ്ക്ക് ലഭ്യമാക്കേണ്ടതുമാണ്.

## 2-5 വസ്തുനികുതി-നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ ഹാജരാക്കിയില്ല

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൻെറ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രികയിലെ ഇൻകം ആൻറ് എക്സ്പെൻഡിക്ചർ സ്റ്റേറ്റ്മെൻറ് I-18 ഷെഡ്യൂൾ പ്രകാരം വസ്തുനികുതി ഇനത്തിൽ റസിഡൻഷ്യൽ ബിൽഡിംഗിന് 11,87,600/- രൂപയും നോൺ റസിഡൻഷ്യൽ ബിൽഡിംഗിന് 4,63,849/- രൂപയും ഡിമാൻറിൽ നിന്നും കുറവ് ചെയ്തിട്ടുള്ളതായി കാണുന്നു. ഇതുമായി ബന്ധപ്പെട്ട് നികുതി ഒഴിവാക്കപ്പെട്ട കെട്ടിടങ്ങളുടെ വിശദാംശങ്ങൾ, കമ്മിറ്റി തീരുമാനം, ഇത് സംബന്ധിച്ച പരിശോധനാ റിപ്പോർട്ട് എന്നിവ ലഭ്യമാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി (നം 23/20.2.19) നൽകിയെങ്കിലും മറുപടി ലഭ്യമാക്കിയിട്ടില്ല. ഇത്തരത്തിൽ കെട്ടിടങ്ങളുടെ ഡിമാൻറിൽ വ്യത്യാസം വരുത്തുമ്പോൾ വ്യക്തമായ പരിശോധനാ റിപ്പോർട്ട് ,കമ്മിറ്റി തീരുമാനം എന്നിവയുടെ അടിസ്ഥാനത്തിൽ ചെയ്യേണ്ടതും ഫയലുകൾ കൃത്യമായി സൂക്ഷിക്കേണ്ടതുമായിരുന്നു. ഇത്തരത്തിലൊരു വലിയ സംഖ്യ ഡിമാൻറിൽ നിന്നും ഒഴിവാകുമ്പോൾ ,കൃത്യമായ രേഖകളുടെ അഭാവത്തിൽ ടി കെട്ടിടങ്ങളുടെ നികുതി എന്നേക്കുമായി വരുമാനത്തിൽ നിന്നും നഷ്ടപ്പെടുവാൻ സാധ്യതയുണ്ട്. ആയതിനാൽ ഈ വിഷയം ഗൗരവമായി പരിശോധിക്കേണ്ടതും നികുതി ഈടാക്കേണ്ട ഒരു കെട്ടിടത്തെയും ഡിമാൻറിൽ നിന്നും ഒഴിവാക്കപ്പെടുന്നില്ല എന്ന് ഉറപ്പു വരുത്തേണ്ടതുമാണ്. ഈ വിഷയത്തിലേക്ക് പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-6 സ്ഥിരനിക്ഷേപം-ഉയർന്ന പലിശ നിരക്ക് ലഭിക്കുന്നതിനുള്ള സാധ്യത പരിഗണിക്കുന്നത് സംബന്ധിച്ച്

മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിൻെറ തനത് ഫണ്ട് അക്കൗണ്ടിലെ നീക്കിയിരുപ്പ് തുക ആലപ്പുഴ ഡിസ്ട്രിക്ട് കോ-ഓപ്പറേറ്റീവ് ബാങ്കിൽ സ്ഥിരനിക്ഷേപമാക്കിയിട്ടുണ്ട്. 2017-18 വർഷത്തെ ബാലൻസ് ഷീറ്റ് പ്രകാരം 1,33,88,390/- രൂപ സ്ഥിര നിക്ഷേപമുണ്ട്. ഇതിൽ 1കോടി രൂപ 50 ലക്ഷം വീതമുള്ള രണ്ട് സ്ഥിരനിക്ഷേപമായി ആറ് മാസക്കാലയളവിലേക്കാണ് നിക്ഷേപിച്ചിട്ടുള്ളത്. ഇതിൻെറ പലിശനിരക്ക് 7.5% ആണ്. ശേഷിക്കുന്ന തുക ഒരു വർഷ കാലയളവിലേക്ക് നിക്ഷേപിച്ചിരിക്കുന്നതിനാൽ 8% നിരക്കിൽ പലിശ

ലഭിക്കുന്നുണ്ട്. ഇത് കൂടാതെ 2018-19 സാമ്പത്തിക വർഷത്തിലും 1കോടി രൂപ 7.5% നിരക്കിൽ 50 ലക്ഷം വീതമുള്ള രണ്ട് സ്ഥിരനിക്ഷേപങ്ങളാക്കി ആറ് മാസക്കാലയളവിൽ നിക്ഷേപിച്ചിട്ടുണ്ട്. ഇപ്രകാരം നിലവിൽ 2 കോടിയിലധികം രൂപ സ്ഥിരനിക്ഷേപമുണ്ട്. ഈ നിക്ഷേപങ്ങളെല്ലാം കാലാവധി പൂർത്തീകരിക്കുമ്പോൾ ഓട്ടോ റിന്യൂവൽ ചെയ്യുന്നുണ്ട്. മാത്രമല്ല തുക ആവശ്യമുള്ള പക്ഷം കാലാവധി പൂർത്തീകരിക്കുന്നതിന് മുമ്പ് എപ്പോൾ വേണമെങ്കിലും പിൻവലിക്കാവുന്നതുമാണ്. ആയതിനാൽ തന്നെ മേൽ സൂചിപ്പിച്ച 2 കോടി രൂപയുടെ നിക്ഷേപകാലാവധി ഒരു വർഷം ആക്കി മാറ്റിയാൽ പലിശ നിരക്കിൽ 0.5% വർദ്ധന വരുമെന്നതിനാൽ പ്രതിവർഷം ഏകദേശം ഒരു ലക്ഷം രൂപയോളം പലിശയിനത്തിൽ അധിക വരുമാനം ലഭിക്കുന്നതാണ്.വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം.20/19.2.19) ലഭ്യമാക്കിയ മറുപടിയിൽ അടുത്ത കമ്മിറ്റിയിൽ വിഷയം ചർച്ച ചെയ്യുന്നതാണെന്നറിയിച്ചിട്ടുണ്ട്. പഞ്ചായത്ത് കമ്മിറ്റിയുടെ അംഗീകാരത്തോടെ ഇത്തരം സാധ്യതകൾ പരിഗണിക്കുന്നത് വഴി പലിശ ഇനത്തിൽ നിലവിൽ ലഭിക്കുന്ന വരവ് വർദ്ധിപ്പിക്കാനാകും. ഈ വിഷയം പഞ്ചായത്ത് കമ്മിറ്റിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 2-7 ടെൻഡർ ഫീസ് ഗ്രാമ പഞ്ചായത്തിന് തിരികെ ലഭിച്ചിട്ടില്ല

2017-2018സാമ്പത്തിക വർഷം ഇ-ടെണ്ടർ ചെയ്ത 8 മരാമത്ത് പ്രവർത്തികളുടെ ടെണ്ടർഫീസ് ഇനത്തിൽ ലഭിച്ച 108500രൂപ ജില്ലാപഞ്ചാത്ത് എക്സിക്യൂട്ടിവ് എൻജിനീയറുടെ അക്കൗണ്ടിലേക്ക് ഓൺലൈനായി ട്രാൻസ്ഫർ ചെയ്തിരുന്നു. എന്നാൽ ടി തുക നാളിതുവരെ പഞ്ചായത്തിന്റെ തനത് ഫണ്ടിൽ തിരികെ ലഭിച്ചിട്ടില്ല. ടെണ്ടർ ഫീസ് ഇനത്തിൽ ലഭിച്ച തുക പഞ്ചായത്തിന്റെ തനതുഫണ്ടിൽ വരവു വെക്കേണ്ടതായതിനാൽ തുക തിരികെ ഈടാക്കി പഞ്ചായത്തിന്റെ തനതുഫണ്ട് അക്കൗണ്ടിൽ നിക്ഷേപിച്ച് ഓഡിറ്റിൽ വിവരം അറിയിക്കേണ്ടതാണ്.

## 2-8 ഓഡിറ്റ് ഇംപാക്റ്റ്-തൊഴിൽ നികുതി ഈടാക്കിയതിൽ കുറവ്, 22,243/-രൂപ ഒടുക്കി

കേരളാ പഞ്ചായത്ത് രാജ് ആക്ട് സെക്ഷൻ 204(3) പ്രകാരം ഒരാൾക്ക് ഒരു അർദ്ധവർഷം വീട്ടുവാടകബത്ത ഒഴികെ എല്ലാ മാർഗ്ഗങ്ങളിലും കൂടിയുള്ള മൊത്ത വരുമാനത്തിൻെറ മേലെയാണ് തൊഴിൽനികുതി നിർണ്ണയിക്കേണ്ടത്. എന്നാൽ പഞ്ചായത്തിൻെറ പരിധിയിൽ പ്രവർത്തിച്ചുവരുന്ന നൂറിൽപ്പരം ജീവനക്കാരുള്ള മാരാരി റിസോർട്ട് എന്ന സ്ഥാപനം 2017-18 ൽ സമർപ്പിച്ച തൊഴിൽ നികുതി റിട്ടേൺ സ്റ്റേറ്റ്മെൻറ് പരിശോധിച്ചതിൽ ജീവനക്കാരുടെ വരുമാനത്തിന് ആനുപാതികമായല്ല രണ്ട് അർദ്ധവർഷങ്ങളിലും നികുതി കണക്കാക്കിയിരിക്കുന്നത്. തൊഴിൽ നികുതി ഒടുക്കിയതിൽ വന്ന കുറവ് സൂചിപ്പിച്ച് ഓഡിറ്റ് എൻക്വയറി(നം.9/14.2.19) നൽകിയതിനെ തുടർന്ന് കുറവ് വന്ന തുക പലിശ സഹിതം 22,243/-രൂപ 19. 02.19ൽ രസീത് നം .118020500319,118020500320 പ്രകാരം ഒടുക്കി.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 ഫണ്ട് വിനിയോഗത്തിലെ വീഴ്ച – 41.35 ലക്ഷം പാഴായി

ഗ്രാമ പഞ്ചായത്തിന്റെ വികസന പ്രവർത്തനങ്ങൾക്കായി സർക്കാരിൽ നിന്നും അലോട്ട്മെന്റ് ആയി ലഭിച്ച തുകകൾ പൂർണ്ണമായി വിനിയോഗിക്കുന്നതിൽ വീഴ്ച വരുത്തിയതുമൂലം 41.35ലക്ഷം പാഴായി. തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് അനുവദിക്കുന്ന അലോട്ട്മെന്റിൽ ചെലവഴിക്കാതെ ബാക്കിയായത് സഞ്ചിതനിധിയിലേക്ക് തിരികെ പോകുമെന്നതിനാൽ ചെലവഴിക്കപ്പെടാതെ ബാക്കിയാകുന്ന തുകകൾ തൻവർഷം ഗ്രാമ പഞ്ചായത്തിന് നഷ്ടപ്പെടുകയാണ് ചെയ്യുന്നത്. ഗ്രാമപഞ്ചായത്തിന് സർക്കാർ അനുവദിച്ച വിവിധ ഫണ്ടുകളിൽ ചെലവഴിക്കപ്പെടാത്ത തുകയുടെ ഇനം തിരിച്ചുള്ള വിവരം താഴെ ചേർക്കുന്നു.

| ഫണ്ട് | ചെലവഴിക്കപ്പെടാത്ത |
|---|---|

| | |
|---|---|
| | തുക |
| വികസന ഫണ്ട് ജനറൽ | 31369 |
| മെയിന്റനൻസ് ഫണ്ട് നോൺ റോഡ് | 159000 |
| ധനകാര്യകമ്മീഷൻ ഗ്രാന്റ് | 3794760 |
| കെ.എൽ.എസ്.ജി.ഡി.പി | 150751 |
| ആകെ | 4135880 |

വർഷാവസാനം ചെലവഴിക്കാതെ ബാക്കിയാകുന്ന ഫണ്ടുകൾ പാഴാകുന്നതാണെന്ന് നേരത്തതന്നെ സർക്കാർ നിർദ്ദേശം നൽകിയിരുന്നെങ്കിലും പദ്ധതി പണം ചെലവഴിക്കുന്നതിൽ പഞ്ചായത്ത് വേണ്ടത്ര മുന്നൊരുക്കം നടത്തിയിട്ടില്ലാത്തതു കൊണ്ടാണ് ഇത്രയും വലിയ തുക പഞ്ചായത്തിന് നഷ്ടമായത്. ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആകെ 110 പ്രോജക്ടുകൾക്കാണ് അംഗീകാരം ലഭിച്ചിട്ടുള്ളത്. ഇതിൽ 11 പ്രോജക്ടുകൾ പൂർണ്ണമായും നടപ്പാക്കിയില്ല. ഇപ്രകാരം ഫണ്ട് നഷ്ടപ്പെടുന്നതുവഴി അതിൽനിന്നു ലഭ്യമാകുന്ന ആസ്തികളും വികസന ക്ഷേമ പ്രവർത്തനങ്ങളും ജനങ്ങൾക്ക് നഷ്ടമാകുന്നു. ഫണ്ടു വിനിയോഗത്തിലെ ഈ പോരായ്മ പരിഹരിക്കുന്നതിന് പദ്ധതി നടത്തിപ്പിൽ കുറേക്കൂടി ജാഗ്രതയും ദീർഘവീക്ഷണവും ഭാവിയിൽ ഉണ്ടാകേണ്ടതുണ്ട്. ആയതിനാൽ പോരായ്മകൾ പരിഹരിച്ച് വരും വർഷങ്ങളിൽ സർക്കാർ അനുവദിക്കുന്ന ഫണ്ടുകൾ സമയബന്ധിതമായി പരമാവധി വിനിയോഗിക്കേണ്ടതാണ്. ഈ വിഷയം പഞ്ചായത്ത് ഭരണസമിതിയുടെ പ്രത്യേക ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-2 കൃഷി ഓഫീസർ നടപ്പാക്കിയ പദ്ധതികൾ – വിതരണ വിവരം അപൂർണ്ണം

കൃഷി ഓഫീസർ 2017-18 വർഷം നടപ്പാക്കിയ താഴെപറയുന്ന പദ്ധതികൾ പ്രകാരം വിതരണം ചെയ്ത പച്ചക്കറിതൈ, വിത്ത്, വളം എന്നിവയുടെ വിതരണ വിവരം കൃത്യമായി വിതരണ രജിസ്റ്ററിൽ ചേർത്തിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

1) ഹരിത കേരളം (പ്രോജക്ട് നം 07/2018)

ഹരിത കേരളം പദ്ധതി പ്രകാരം കൃഷി ഭവന്റെ കീഴിലുള്ള കഞ്ഞിക്കുഴി ബ്ലോക്ക് ലെവൽ ഫെഡറേറ്റഡ് സമിതിയിൽ നിന്നും വെണ്ട, തക്കാളി, മുളക്, വഴുതന, പയർ എന്നിവയുടെ 2,56,320 എണ്ണം പച്ചക്കറിതൈ വാങ്ങുന്നതിനായി തൈ ഒന്നിന് 2.2 രൂപ നിരക്കിൽ വികസന ഫണ്ടിൽ നിന്നും 5,63,901 രൂപ (ബിൽ നം 867431/ 8.1.2018) ചെലവഴിച്ചിട്ടുണ്ട്. 2,56,320 എണ്ണം പച്ചക്കറിതൈകൾ വാങ്ങുന്നതിനായി തുക ചെലവഴിച്ചിട്ടുണ്ടെങ്കിലും സ്റ്റോക്ക് രജിസ്റ്ററിലെ 27,28 പേജുകളിലെ രേഖപ്പെടുത്തൽ പ്രകാരം 2,08,455 എണ്ണം മാത്രമാണ് സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വാർഡ്തല കൺവീനർമാർക്ക് വിതരണം ചെയ്തിട്ടുള്ളത്. സ്റ്റോക്ക് രജിസ്റ്ററിൽ ചേർത്ത് വിതരണ വിവരം കാണിച്ചിട്ടില്ലാത്ത 47,865 പച്ചക്കറിതൈകളുടെ വിലയായ 1,05,303 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല. തുക നഷ്ടത്തിനുത്തരവാദിയായ കൃഷി ഓഫീസറിൽ നിന്നും ഈടാക്കേണ്ടതാണ്.

പഞ്ചായത്തിലെ 18 വാർഡുകളിൽ വിതരണം ചെയ്യുന്നതിനായി 2,08,455 എണ്ണം പച്ചക്കറിതൈകൾ വാർഡ്തല കൺവീനർമാർ കൈപ്പറ്റിയിട്ടുണ്ട്. ഇവർ ഓരോ വാർഡിലുമുള്ള കുടുംബങ്ങൾക്ക് ഇവ വിതരണം ചെയ്തതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് നൽകിയിട്ടില്ല. വിതരണ സ്റ്റേറ്റ്മെന്റ് ഹാജരാക്കാത്തതിനാൽ, പഞ്ചായത്തിലെ 18 വാർഡുകളിൽ വിതരണം ചെയ്യുന്നതിനായി വാർഡ്തല കൺവീനർമാർ കൈപ്പറ്റിയതായി കാണിച്ചിട്ടുള്ള 2,08,455 എണ്ണം പച്ചക്കറിതൈകളുടെ വിലയായ 4,58,598 രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

2) സമഗ്ര നാളികേര വികസനം (പ്രോജക്ട് നം 04/2018)

ജൈവവള (എല്ലുപൊടി) വിതരണം , കേടുവന്ന തെങ്ങ് വെട്ടി മാറ്റൽ, ജൈവ കീടനാശിനി വിതരണം എന്നിവയാണ് പ്രോജക്ട് പ്രകാരം നടപ്പാക്കിയിട്ടുള്ളത്. പദ്ധതി പ്രകാരം കെയ്‌കോയിൽ നിന്നും 34,416 Kg ജൈവവളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും 7,74,360 രൂപയും (ബിൽ നം 115884/ 6.3.2018), ഗുണഭോക്തൃ വിഹിതമായി 2,58,120 രൂപയും ഉൾപ്പെടെ ആകെ 10,32,480 രൂപ ചെലവഴിച്ചിട്ടുണ്ട്. ജൈവവളം നാളികേര ഉല്പാദക സമിതികൾ മുഖേന കർഷകർക്ക് വിതരണം ചെയ്യുന്നതിനായിട്ടാണ് പ്രോജക്ട് തയ്യാറാക്കിയിരിക്കുന്നത്. പ്രോജക്ട് പ്രകാരം ഒരു തെങ്ങിന് രണ്ട് കിലോഗ്രാം എല്ലുപൊടി എന്ന കണക്കിൽ 17208 തെങ്ങുകൾക്കുള്ള എല്ലുപൊടിയാണ് വാങ്ങിയിട്ടുള്ളത്. എന്നാൽ സ്റ്റോക്ക് രജിസ്റ്ററിൽ ഇവയുടെ കൃത്യമായ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ല. വിവിധ വാർഡുകളിലെ 18 നാളികേര ഉല്പാദക സംഘങ്ങൾ 17208 തെങ്ങുകൾക്കുള്ള ഗുണഭോക്തൃ വിഹിതം ഒടുക്കിയിട്ടുണ്ടെങ്കിലും, ടി സംഘങ്ങൾക്കെല്ലാം വളം വിതരണം ചെയ്തതായി വിതരണ രജിസ്റ്ററിൽ കാണുന്നില്ല. കെയ്‌കോയിൽ നിന്നും വാങ്ങിയ 34,416 Kg എല്ലുപൊടി 12 സംഘങ്ങൾക്ക് നൽകിയതായിട്ടാണ് സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുണ്ട്. ടി സംഘങ്ങളിൽ പലതും 1000 തെങ്ങുകൾക്ക് ആനുപാതികമായ ഗുണഭോക്തൃ വിഹിതമാണ് ഒടുക്കിയിട്ടുള്ളത്. അതായത് സ്റ്റോക്ക് രജിസ്റ്ററിൽ ഓരോ സംഘത്തിനും നൽകേണ്ട ജൈവവളത്തിന്റെ കൃത്യമായ വിതരണ വിവരം രേഖപ്പെടുത്തിയിട്ടില്ലായെന്നാണ് ഇതിൽ നിന്നും വ്യക്തമാകുന്നത്. കൂടാതെ സംഘങ്ങൾ കൈപ്പറ്റിയ ജൈവവളം കർഷകർക്ക് അവരുടെ തെങ്ങുകളുടെ എണ്ണത്തിന് ആനുപാതികമായി വിതരണം ചെയ്തുവെന്ന് തെളിയിക്കുന്ന വിതരണ സ്റ്റേറ്റ്മെന്റ് പരിശോധനയ്ക്ക് ലഭ്യമാക്കിയില്ല. ഓരോ നാളികേര ഉല്പാദക സംഘങ്ങൾക്കും നൽകിയ ജൈവവളത്തിന്റെ കൃത്യമായ വിതരണ വിവരം സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ലാത്തതിനാലും സംഘങ്ങൾ കൈപ്പറ്റിയ ജൈവവളം കർഷകർക്ക് നൽകിയതിന്റെ വിതരണ സ്റ്റേറ്റ്മെന്റ് ലഭ്യമാക്കാത്തതിനാലും ജൈവവളം വാങ്ങുന്നതിനായി വികസന ഫണ്ടിൽ നിന്നും ചെലവഴിച്ച 7,74,360 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

3) ഇടവിള കൃഷി ഗ്രൂപ്പുകൾക്ക് (പ്രോജക്ട് നം 02/2018)

പ്രോജക്ട് ഫയൽ പരിശോധിച്ചതിൽ, 238 കാർഷിക ഗ്രൂപ്പുകൾക്ക് വിതരണം ചെയ്യുന്നതിനായി "ഇടവിള കൃഷി ഗ്രൂപ്പുകൾക്ക്" എന്ന പദ്ധതി പ്രകാരം കെയ്‌കോയിൽ നിന്നും കിലോഗ്രാമിന് 30 രൂപ ക്രമത്തിൽ 16,660 Kg എല്ലുപൊടിയും വി.എഫ്.പി.സികെയിൽ നിന്നും കിലോഗ്രാമിന് 70 രൂപ നിരക്കിൽ 16184 Kg ചേമ്പും വാങ്ങിയതിന് 16,32,680രൂപ (വികസന ഫണ്ട് 15,07,730 രൂപ, ഗുണഭോക്തൃ വിഹിതം 1,24,950 രൂപ) ചെലവഴിച്ചിട്ടുണ്ട്. കാർഷിക ഗ്രൂപ്പുകളുടെ അപേക്ഷ, കൃഷി ചെയ്യുന്ന സ്ഥലത്തിന്റെ വിശദാംശങ്ങൾ എന്നിവ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. കൃഷി ഓഫീസർ ഹാജരാക്കിയ ജനകീയസൂത്രണ പദ്ധതിയുടെ വിതരണ രജിസ്റ്ററിൽ 238 ഗ്രൂപ്പുകളുടെ പേരുവിവരം രേഖപ്പെടുത്തി ഗ്രൂപ്പ് കൺവീനർ/ സെക്രട്ടറിമാരെകൊണ്ട് ഒപ്പ് രേഖപ്പെടുത്തിയിട്ടുണ്ടെങ്കിലും ഇവർ കൈപ്പറ്റിയ വളത്തിന്റേയും വിത്തിന്റേയും അളവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടില്ല. ആയതിനാൽ ഓരോ ഗ്രൂപ്പുകളും കൈപ്പറ്റിയ വളത്തിന്റേയും വിത്തിന്റേയും കൃത്യമായ അളവ് എത്രയെന്ന് വ്യക്തമല്ല. ഗ്രൂപ്പുകൾ കൈപ്പറ്റിയ വിത്തും വളവും കൃത്യമായി കൃഷിയ്ക്കായി വിനിയോഗിച്ചുവെന്നതു സംബന്ധിച്ച കൃഷി ഓഫീസറുടെ റിപ്പോർട്ട്, പദ്ധതി ഫലപ്രാപ്തി കൈവരിച്ചുവെന്ന് വ്യക്തമാക്കുന്ന മോണിട്ടറിംഗ് റിപ്പോർട്ട് എന്നിവയും പ്രോജക്ട് ഫയലിനോടൊപ്പം ഹാജരാക്കിയില്ല. ഗ്രൂപ്പുകൾ കൈപ്പറ്റുന്ന വിത്തും വളവും കൃഷിയ്ക്കായി ഉപയോഗിക്കുന്നുവെന്ന് ഫീൾഡ്തല ഉദ്യോഗസ്ഥർ ഉറപ്പാക്കേണ്ടതാണ്.

കൃഷിയുമായി ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പ് പദ്ധതി നിർവ്വഹണത്തിന്റെ ഓരോ ഘട്ടവും അവലോകനം നടത്തേണ്ടതും, മോണിട്ടറിംഗ് റിപ്പോർട്ട് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയ്ക്കും ഭരണസമിതിയ്ക്കും നൽകേണ്ടതുമാണ്. കൃത്യമായ മോണിട്ടറിംഗിന്റെ അഭാവം മേൽ പരാമർശിച്ചിട്ടുള്ള പദ്ധതികളുടെ ഭൗതികലക്ഷ്യത്തെ സാരമായി ബാധിച്ചിട്ടുണ്ട്.

കിസാൻ സമ്മാൻ പദ്ധതിയുമായി നടപ്പിലാക്കുന്നതുമായി ബന്ധപ്പെട്ട തിരക്കായതിനാൽ ഓഡിറ്റ് എൻക്വയറിയിൽ പരാമർശിച്ചിട്ടുള്ള രേഖകൾ ഹാജരാക്കുന്നതിന് രണ്ട് മാസത്തെ സമയം അനുവദിക്കണമെന്നാണ് മേൽ അപാകതകൾ സംബന്ധിച്ച എൻക്വയറിയ്ക്ക് കൃഷി ഓഫീസർ മറുപടി നൽകിയത്.

## 3-3 മെഷീനുകൾ വാങ്ങിയെങ്കിലും മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനം തുടങ്ങിയില്ല.

അജൈവ മാലിന്യ സംസ്കരണം കാര്യക്ഷമമാക്കുന്നതിനായി മാരാരിക്കുളം നോർത്ത് ഗ്രാമപഞ്ചായത്ത് 2017-18 വർഷം ആസൂത്രണം ചെയ്ത് നടപ്പാക്കിയ പദ്ധതിയാണ് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ വാങ്ങൽ (പ്രോജക്ട് നം 117/2018). ക്ലീൻ കേരള കമ്പനിയിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ എന്നിവ വാങ്ങി സ്ഥാപിക്കുകയാണ് പ്രോജക്ട് പ്രകാരം നടപ്പാക്കുവാൻ ലക്ഷ്യമിട്ടിരുന്നത്. ഇതിനായി 10 ലക്ഷം രൂപ അടങ്കലിൽ പ്രോജക്ട് തയ്യാറാക്കി അംഗീകാരം വാങ്ങുകയുണ്ടായി. ഫയൽ പരിശോധിച്ചതിൽ, 9,82,943 രൂപ (വികസന ഫണ്ട് - 6,07,061/-, ശുചിത്വമിഷൻ ഫണ്ട് - 3,75,882/-) ചെലവഴിച്ച് ക്ലീൻ കേരള കമ്പനിയിൽ നിന്നും പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ എന്നിവ വാങ്ങിയിട്ടുണ്ടെങ്കിലും ഇതുവരെ പ്രവർത്തനം ആരംഭിച്ചിട്ടില്ല. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തനക്ഷമമാക്കുന്നതിന് എന്തെങ്കിലും സാങ്കേതിക തടസ്സങ്ങൾ ഉണ്ടെങ്കിൽ ആയത് രേഖാമൂലം അറിയിക്കുവാൻ ആവശ്യപ്പെട്ട് എൻക്വയറി നൽകുകയുണ്ടായി. കെട്ടിട നിർമ്മാണവും തുടർപ്രവർത്തനത്തിനുള്ള അടിസ്ഥാന സൗകര്യങ്ങളും പൂർണ്ണമായി സജ്ജമാക്കുവാൻ 2017-18 വർഷം കഴിഞ്ഞില്ലായെന്നും ഇതിനായി 2018-19 വർഷം ഏറ്റെടുത്ത പദ്ധതികൾ പൂർത്തിയായി വരുന്നുവെന്നും എത്രയും പെട്ടെന്ന് മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തന സജ്ജമാക്കുമെന്നുമാണ് സെക്രട്ടറി മറുപടി നൽകിയത്.

ക്ലീൻ കേരള കമ്പനിയും പഞ്ചായത്തും തമ്മിൽ 22.3.2018ൽ ഒപ്പുവെച്ച കരാർ അനുസരിച്ച് ഇൻവോയ്സ് തീയതി മുതൽ ഒരു വർഷം വരെയാണ് പ്ലാസ്റ്റിക് ഷ്രെഡിംഗ് മെഷീൻ, ബെയ്ലിംഗ് മെഷീൻ എന്നിവയുടെ വാറന്റി കാലാവധി. വാറന്റി കാലാവധി തീരാറായിട്ടും മെഷീൻ സ്ഥാപിച്ച് പ്രവർത്തനം ആരംഭിക്കുവാൻ കഴിയാത്തത് പദ്ധതി നിർവ്വഹണത്തിലെ പാളിച്ചയാണ് വ്യക്തമാക്കുന്നത്. മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ പ്രവർത്തന സജ്ജമാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 3-4 തെരുവ് വിളക്ക് പരിപാലനം - പദ്ധതി നടത്തിപ്പിലെ പോരായ്മകൾ

ഊർജ്ജ സംരംക്ഷണത്തിന്റെ ഭാഗമായി തെരുവ് വിളക്കുകളിൽ എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാക്കുന്നതിനായി ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ പദ്ധതിയാണ് "പാൽവെട്ടം-- എൽ.ഇ.ഡി ഗ്രാമം" പദ്ധതി (പ്രോജക്ട് നം 24/2018). പദ്ധതി പ്രകാരം സ്റ്റീൽ ഇൻഡസ്ട്രീസ് കേരളയിൽ (സിൽക്ക്) നിന്നും 425 എണ്ണം 25W ഓട്ടോമാറ്റിക് എൽ.ഇ.ഡി ലൈറ്റുകളും 25 എണ്ണം 40W ഓട്ടോമാറ്റിക് എൽ.ഇ.ഡി ലൈറ്റുകളും വാങ്ങുന്നതിനായി 18,48,750 രൂപ ചെലവഴിച്ചിട്ടുണ്ട്. സ്റ്റീൽ ഇൻഡസ്ട്രീസ് കേരള ഗ്രാമപഞ്ചായത്തുമായി 31.10.2017ൽ ഒപ്പുവെച്ച കരാർ അനുസരിച്ച് എൽ.ഇ.ഡി ലൈറ്റുകളുടെ വിതരണവും സ്ഥാപിക്കലും രണ്ട് വർഷത്തെ പരിപാലനവും ടി സ്ഥാപനത്തിന്റെ ചുമതലയാണ്. എന്നാൽ എൽ.ഇ.ഡി ലൈറ്റുകൾ ഏതൊക്കെ വാർഡുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് സംബന്ധിച്ച് സിൽക്കിൽ നിന്നുള്ള ഇൻസ്റ്റലേഷൻ റിപ്പോർട്ടോ കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രമോ വാർഡ് മെമ്പർമാരിൽ നിന്നുള്ള സാക്ഷ്യപത്രമോ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ആയതിനാൽ 18,48,750 രൂപ ചെലവഴിച്ച് വാങ്ങിയ പ്രസ്തുത ലൈറ്റുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്ന് വ്യക്തമല്ല. ഇവ ഏതൊക്കെ വാർഡുകളിലെ ഏതൊക്കെ പോസ്റ്റുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന സംബന്ധിച്ച കൃത്യമായ വിനിയോഗ വിവരം പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ രേഖാമൂലം ആവശ്യപ്പെടുകയുണ്ടായി. എൽ.ഇ.ഡി ലൈറ്റുകൾ സ്ഥാപിച്ചതു സംബന്ധിച്ച് കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രം വാങ്ങി ഹാജരാക്കാമെന്നാണ് സെക്രട്ടറി മറുപടി നൽകിയത്. 25W ഓട്ടോമാറ്റിക് എൽ.ഇ.ഡി ലൈറ്റ് ഒരെണ്ണത്തിന് 4200 രൂപയും 40W ഓട്ടോമാറ്റിക് എൽ.ഇ.ഡി ലൈറ്റിന് 5250 രൂപയുമാണ് സിൽക്ക് ഈടാക്കിയിരിക്കുന്നത്. ഇത്രയധികം വിലയുള്ള ലൈറ്റുകൾ എവിടെയൊക്കെയാണ് സ്ഥാപിച്ചതെന്നതു സംബന്ധിച്ച് പഞ്ചായത്തിന് വ്യക്തമായ ധാരണയില്ലായെന്നത് അംഗീകരിക്കാവുന്നതല്ല.

എൽ.ഇ.ഡി ലൈറ്റുകൾ ഏതൊക്കെ വാർഡുകളിലാണ് സ്ഥാപിച്ചിട്ടുള്ളതെന്ന് സംബന്ധിച്ച് വാർഡ് മെമ്പർമാരിൽ നിന്നുള്ള സാക്ഷ്യപത്രം, കെ.എസ്.ഇ.ബിയിൽ നിന്നുള്ള സാക്ഷ്യപത്രം, സിൽക്കിൽ നിന്നുള്ള

ഇൻസ്റ്റലേഷൻ റിപ്പോർട്ട് എന്നിവ ലഭ്യമല്ലാത്തതിനാൽ ടി പ്രോജക്ടിനായി ചെലവഴിച്ച് 18,48,750 രൂപ തടസ്സപ്പെടുത്തുന്നു. മേൽ രേഖകൾ ഹാജരാക്കുന്നമുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-5 വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ – കരാർ കാലയളവിൽ പ്രവൃത്തി പൂർത്തിയാക്കിയില്ല.

പ്രോജക്ട് നമ്പർ 154/2018 പ്രകാരം പഞ്ചായത്തിലെ വിവിധ വാർഡുകളിൽ വൈദ്യുത ലൈൻ ദീർഘിപ്പിക്കുന്നതിന് 2017-18 വർഷം വിവിധ ബില്ലുകൾ പ്രകാരം പദ്ധതി വിഹിതത്തിൽ നിന്നും 52,67,691 രൂപ കെ.എസ്.ഇ.ബി എക്സിക്യൂട്ടീവ് എഞ്ചിനീയർ, ചേർത്തലയുടെ അക്കൗണ്ടിലേയ്ക്ക് ട്രാൻസ്ഫർ ക്രഡിറ്റ് ചെയ്തുനൽകിയിട്ടുണ്ട്. അർത്തുങ്കൽ, എസ്.എൽ പുരം എന്നീ ഇലക്ട്രിക്കൽ സെക്ഷനുകളുടെ പരിധിയിലുള്ള വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തികൾക്കാണ് തുക നൽകിയിരിക്കുന്നത്. ഇതിനായി ഗ്രാമപഞ്ചായത്തും കെ.എസ്.ഇ.ബിയുമായി ഒപ്പുവെച്ച കരാർ പ്രകാരം വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ 30.8.2018ൽ പൂർത്തീകരിക്കേണ്ടതാണ്. എന്നാൽ പ്രോജക്ട് പ്രകാരമുള്ള പ്രവൃത്തികൾ നാളിതുവരെ പൂർത്തീകരിച്ചിട്ടില്ല. ആയതിനാൽ മേൽ പ്രോജക്ടിനായി ചെലവഴിച്ച 52,67,691 രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. വൈദ്യുത ലൈൻ ദീർഘിപ്പിക്കൽ പ്രവൃത്തി എത്രയുംവേഗം പൂർത്തിയാക്കുന്നതിന് നടപടി സ്വീകരിക്കേണ്ടതാണ്. പ്രവൃത്തി പൂർത്തിയാക്കി ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കുന്ന മുറയ്ക്ക് തടസ്സം ഒഴിവാക്കുന്നതാണ്.

## 3-6 പ്രോജക്ടിന് അനുമതി നിരസിച്ചതിനാൽ ജില്ലാ പഞ്ചായത്തിൽ നിന്നും ലഭിച്ച തുക വിനിയോഗിച്ചില്ല- തുക തിരികെ നൽകിയില്ല

മാരാരിക്കുളം വടക്ക് ഗ്രാമ പഞ്ചായത്തിലെ 2017-18 വാർഷിക പദ്ധതിയിൽ ഉൾപ്പെട്ടതും ജില്ലാതല സാങ്കേതിക സമിതിയുടെ അനുമതി ലഭിച്ചതുമായ ഗ്രീൻ & ക്ലീൻ മാരാരിക്കുളം ഖരമാലിന്യ സംസ്കരണ പദ്ധതിയ്ക്കായി ( പ്രോജക്ട് നം.S0124/18) ജില്ലാ പഞ്ചായത്ത് വിഹിതം 40 ലക്ഷവും തനതുഫണ്ട് 10 ലക്ഷവുമുൾപ്പെടെ ആകെ 50 ലക്ഷം രൂപയാണ് വകയിരുത്തിയിട്ടുള്ളത്. പ്ലാസ്റ്റിക് ശേഖരിക്കുന്നതിന് ബിൻ വാങ്ങി സൗജന്യമായി വീടുകളിൽ സ്ഥാപിക്കുന്നതിനാണ് പദ്ധതി വിഭാവനം ചെയ്തിരിക്കുന്നത്. ഇതനുസരിച്ച് ജില്ലാ പഞ്ചായത്ത് വിഹിതമായ 40 ലക്ഷം രൂപ ഗ്രാമ പഞ്ചായത്തിന് ലഭിച്ചിട്ടുണ്ട്. തുക 17.01.2018-ൽ സ്പെഷ്യൽ ടി.എസ്.ബി അക്കൗണ്ടിൽ ( അക്കൗണ്ട് നം. 799011400003104) വരവ് വന്നിട്ടുണ്ട്. കോ ഓർഡിനേഷൻ കമ്മറ്റിയുടെ 13.08.2018-ലെ നടപടിക്രമം പ്രകാരം ഖരമാലിന്യ ശേഖരണത്തിന് വീടുകളിൽ അജൈവ മാലിന്യ സംസ്കരണ ബിന്നുകൾ നൽകുന്ന തുറവൂർ ഗ്രാമ പഞ്ചായത്തിലെ പ്രോജക്ടിന് അനുമതി നിരസിച്ചിട്ടുള്ളതിനാൽ പ്രോജക്ടിന് ജില്ലാ ആസൂത്രണ സമിതിയുടെ അംഗീകാരം ലഭിച്ചില്ല. തുക ജില്ലാ പഞ്ചായത്തിന് തിരികെ നൽകിയിട്ടില്ല. തുക ജില്ലാ പഞ്ചായത്തിന് തിരികെ നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

സംയുക്ത പ്രോജക്ടുകൾ - നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല

സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ തമ്മിൽ ഒരു കരാർ ഉടമ്പടിയിൽ ഏർപ്പെടേണ്ടതാണെങ്കിലും ഗ്രാമ പഞ്ചായത്തിൽ തൻവർഷം ആസൂത്രണം ചെയ്തിട്ടുള്ള സംയുക്തപ്രോജക്ടുകളിൽ ഈ നടപടിക്രമം പാലിച്ചിട്ടില്ല. പദ്ധതി രൂപീകരണ പ്രക്രിയ ആരംഭിക്കുമ്പോൾ സംയുക്ത പ്രോജക്ടുകളിൽ പങ്കാളികളാകുന്ന തദ്ദേശഭരണ സ്ഥാപനങ്ങൾ സംയുക്ത പ്രോജക്ടിന്റെ വിഭവസ്രോതസ്സുകൾ സംബന്ധിച്ച സ്റ്റേറ്റ്മെന്റ് തയ്യാറാക്കേണ്ടതാണ്. തദ്ദേശഭരണ സ്ഥാപനങ്ങൾ കരട് പദ്ധതിരേഖ തയ്യാറാക്കുന്നതിന് മുമ്പ് സംയുക്ത പ്രൊജക്ടുകളെക്കുറിച്ച് ചർച്ച ചെയ്യാൻ ജില്ലാതലത്തിൽ ഒരു യോഗം ചേരണം. എന്നാൽ ഈ നടപടിക്രമങ്ങൾ ഒന്നും തന്നെ പാലിക്കാതെയാണ് ജില്ലാ പഞ്ചായത്ത് 4000000 രൂപ ഗ്രാമ പഞ്ചായത്തിന് കൈമാറിയിട്ടുള്ളത്. സബ്സിഡി മാനദണ്ഡങ്ങൾ പാലിയ്ക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-7 വെള്ളക്കരം ഇനത്തിൽ വൻ ബാദ്ധ്യത

വാട്ടർ അതോറിറ്റിയുടെ ഡിമാന്റ് നോട്ടീസ് പ്രകാരം ഗ്രാമ പഞ്ചായത്തിന്റെ 31.03.18 ലെ വെള്ളക്കരം കുടിശ്ശിക 6144244 /- രൂപയാണ്. വെള്ളക്കരം കൃത്യമായി അടവാക്കുന്നുണ്ടെങ്കിലും പിഴപലിശ ഇനത്തിൽ ഭീമമായ തുക ഓരോ മാസവും വാട്ടർ അതോറിറ്റി ഡിമാന്റ് ചെയ്യുന്നുണ്ട് . 10/2014 മുതൽ പ്രതിവർഷം ഒരു ടാപ്പിന് 5250 /- രൂപ ഡിമാന്റ് ചെയ്യുന്നുണ്ട്. ഇപ്രകാരം നിലവിൽ 317 ടാപ്പുകൾ ഉള്ളതായി കാണുന്നു. 2011 ജൂൺമാസം സംയുക്ത പരിശോധന നടത്തിയതായി ഫയലിൽ രേഖപ്പെടുത്തിയിട്ടുണ്ട് . പഞ്ചായത്തിന്റെ വിവിധ ഫണ്ടുകളുടെ അലോട്ട്മെന്റ് നിന്നും വെള്ളക്കരം കുടിശ്ശിക ഇനത്തിൽ 3780899 /- രൂപ കുറവ് വരുത്തി വാട്ടർ അതോറിറ്റിക്ക് അടവാക്കിയിട്ടുള്ളതാണ്. എന്നാൽ വാട്ടർ അതോറിറ്റി 789647 /- രൂപ മാത്രം അടവാക്കിയിട്ടുള്ളതായാണ് ഫയലിൽ രേഖപ്പെടുത്തിയിട്ടുള്ളത് . ബാക്കി തുക 2991252 /- വെള്ളക്കരം ബില്ലിൽ നിന്നും കുറവ് ചെയ്യാൻ നടപടികൾ സ്വീകരിച്ചിട്ടില്ല. ഈ വിഷയം ശ്രദ്ധയിൽപ്പെടുത്തി നൽകിയ ഓഡിറ്റ് എൻക്വയറിക്ക് മറുപടി ഹാജരാക്കിയില്ല . 2011-12,12-13 വർഷത്തെ കേരളാസ്റ്റേറ്റ് ഓഡിറ്റ് റിപ്പോർട്ട് പ്രകാരം വെള്ളക്കരമിനത്തിൽ വാട്ടർ അതോറിറ്റിക്ക് അധികം നൽകിയ 3,91,131 /- രൂപ ബില്ലിൽ നിന്നും കുറവ് ചെയ്യുന്നതിന് നിർദ്ദേശിച്ചിട്ടുണ്ട്. എന്നാൽ ഈ തുക വെള്ളക്കരമിനത്തിൽ കുറവ് ചെയ്യുന്നതിനുള്ള നടപടികളൊന്നും സ്വീകരിച്ചതായി ഫയലിൽ രേഖപ്പെടുത്തിയിട്ടില്ല. വിവിധ ഫണ്ടുകളിൽ നിന്നുള്ള അലോട്ട്മെന്റും, ഓഡിറ്റ് റിപ്പോർട്ട് പ്രകാരം ഈടാക്കുവാനുള്ള തുകയും വെള്ളക്കരം ബില്ലിൽ നിന്നും കുറവ്ചെയ്യുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ഈ വിഷയത്തിൽ ഭരണ സമിതിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-8 രോഗപ്രതിരോധ പ്രവർത്തനവും പകർച്ചവ്യാധി നിയന്ത്രണവും-പദ്ധതി നടത്തിപ്പ് സംബന്ധിച്ച്

പ്രോജക്റ്റ് :രോഗപ്രതിരോധ പകർച്ചവ്യാധി നിയന്ത്രണം (പ്രോജ. നം.S0011/18)

അടങ്കൽ:3,24,000/-

ചെലവ്:3,24,000/-

ബിൽനം 12/,13.3.18

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ പഞ്ചായത്തിലെ രോഗപ്രതിരോധപ്രവർത്തനങ്ങൾക്കും പകർച്ചവ്യാധി നിയന്ത്രണ പ്രവർത്തനങ്ങൾക്കുമായി തയ്യാറാക്കിയ പദ്ധതിയാണിത്. പദ്ധതി ചെലവായ 3,24,000/- രൂപയും തൊഴിലാളികൾക്ക് വേതനം നൽകുന്നതിനാണ് ചെലവഴിച്ചിട്ടുള്ളത്. ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം പ്രതിരോധപ്രവർത്തനങ്ങൾ നടത്തിയതിൻെറ വേതനമായി 270 തൊഴിലാളികൾക്ക് 1200/- രൂപ വീതം അക്കൌണ്ടിലേക്ക് നൽകിയിട്ടുണ്ട്. എന്നാൽ ടി തൊഴിലാളികളുടെ ബാങ്ക് അക്കൌണ്ട് സാധൂകരിക്കുന്നതിനാവശ്യമായ രേഖകൾ ഫയലിൽ സൂക്ഷിച്ചിട്ടില്ല. ഹാജരാക്കിയ മസ്റ്റർ റോൾ പ്രകാരം ഓരോ വാർഡിലും 18000/- രൂപ വീതം 18 വാർഡുകളിലെ പ്രവർത്തനങ്ങൾക്കായിട്ടാണ് തുക ചെലവഴിച്ചിട്ടുള്ളത്.

ടി പദ്ധതി പ്രകാരം കൊതുകുകളുടെ ഉറവിട നശീകരണം,കിണർ ക്ലോറിനേഷൻ എന്നീ പ്രവർത്തനങ്ങൾ ചെയ്തതിന് വേതനം നൽകുവാനാണ് തുക ചെലവഴിച്ചിരിക്കുന്നത്. എന്നാൽ ഇതിനായി ക്ലോറിൻ, കുമ്മായം തുടങ്ങിയവ വാങ്ങിയതായോ സ്പ്രേയിംഗ്,ഫോഗിംഗ് എന്നിവയ്ക്ക് തുക ചെലവഴിച്ചതിന്റേയോ രേഖകളില്ല. കൂടാതെ പദ്ധതി നടത്തിപ്പുമായി ബന്ധപ്പെട്ട് മോണിറ്ററിംഗ് നടന്നതായും കാണുന്നില്ല.

വാർഡ്തല സാനിട്ടേഷൻ സമിതിയുടെ മേൽനോട്ടത്തിൽ 2017-18 വർഷം എല്ലാ ഗ്രാമപഞ്ചായത്തുകളിലും മഴക്കാലപൂർവ്വ ശുചീകരണപ്രവർത്തനത്തിൻെറ ഭാഗമായി പകർച്ചവ്യാധി നിയന്ത്രണ പരിപാടികളും രോഗപ്രതിരോധ പ്രവർത്തനങ്ങളും നടത്തിയിട്ടുണ്ട്. മാരാരിക്കുളം പഞ്ചായത്തിലെ 18 വാർഡുകളിലും മഴക്കാല പൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി 2017-18 സാമ്പത്തിക വർഷവും തുക ചെലവഴിച്ചിട്ടുണ്ട്. ആയതിനാൽ തന്നെ വീണ്ടും രോഗപ്രതിരോധ പകർച്ചവ്യാധി നിയന്ത്രണത്തിനായി ഇത്തരത്തിലൊരു

പദ്ധതി ഏറ്റെടുത്ത് നടപ്പാക്കിയത് എന്തുകൊണ്ടാണെന്നും ഇപ്രകാരമുള്ള എന്തെങ്കിലും അടിയന്തര സാഹചര്യങ്ങൾ നിലവിൽ ഉണ്ടായിരുന്നോയെന്നും വ്യക്തമല്ല.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്(നം.17/19.2.19) നൽകിയ മറുപടിയിൽ ഓരോ വാർഡിലും 15 പേരടങ്ങുന്ന ആരോഗ്യസേന രൂപീകരിച്ചിട്ടുണ്ടെന്നും ഇവരാണ് പ്രവർത്തനങ്ങൾ നടത്തുന്നതെന്നും 2013-14 മുതൽ ഈ പദ്ധതി നടത്തി വരുന്നതായും അറിയിച്ചു.എന്നാൽ 2015 ൽ റിപ്പോർട്ട് ചെയ്ത ഡെങ്കിപ്പനി ബാധിതരുടെ എണ്ണം 17 ആയിരുന്നെങ്കിൽ 2017 ആയപ്പോൾ 97 കേസുകൾ റിപ്പോർട്ട് ചെയ്തതായും അറിയിച്ചു.അതായത് ഇത്തരം പദ്ധതികൾക്കായി വർഷം തോറും തുക ചെലവഴിക്കുന്നുണ്ടെങ്കിലും രോഗപ്രതിരോധ പ്രവർത്തനങ്ങൾ കാര്യക്ഷമമാണോയെന്ന് പരിശോധിക്കേണ്ടതാണ്. ഇവിടെ കൊതുകിന്റെ ഉറവിട നശീകരണവുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾ വർഷത്തിൽ എല്ലാ മാസങ്ങളിലും നടത്തിവരുന്നതായി വൌച്ചറുകളിൽ കാണുന്നു.എന്നാൽ ഇത്തരം പദ്ധതികൾ ഏറ്റെടുത്ത് നടപ്പാക്കുമ്പോൾ എന്തെല്ലാം പ്രവർത്തനങ്ങളാണ് നടപ്പാക്കേണ്ടതെന്ന വ്യക്തമായ രൂപരേഖ തയ്യാറാക്കി ആയതിന് അനുസരിച്ച് പ്രവർത്തിക്കേണ്ടതും കൃത്യമായ മോണിറ്ററിംഗ് ഉണ്ടാവേണ്ടതുമാണ്.

## 3-9 പൊതുമരാമത്ത് പ്രവൃത്തികൾ

1)ഗ്രാമ പഞ്ചായത്തിൽ റോഡ് കണക്ടിവിറ്റി മാപ്പ്, റോഡുകളുടെ പട്ടിക എന്നിവ തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. കേരള പഞ്ചായത്ത് രാജ് ആക്ട് വകുപ്പ് 169പട്ടിക 3 പ്രകാരം ഗ്രാമീണ റോഡുകൾ നിർമ്മിക്കുകയും പരിപാലിക്കുകയും ചെയ്യുക എന്നതാണ് ഗ്രാമപഞ്ചായത്തുകളിൽ നിക്ഷിപ്തമായ ഉത്തരവാദിത്വം. എന്നാൽ ഇപ്രകാരം പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആകണമെന്ന് 4.02.2011ലെ സ.ഉ(എസം.എസ്) 31/2011/തസ്വഭവ നമ്പർ ഉത്തരവിൽ വ്യക്തമായി നിഷ്കർഷിച്ചിട്ടുണ്ട്. കൂടാതെ പതിമൂന്നാം പഞ്ചവത്സര പദ്ധതി മാർഗ്ഗരേഖയിൽ ഓരോ തദ്ദേശഭരണ സ്ഥാപനവും റോഡ് കണക്ടിവിറ്റി മാപ്പും റോഡ് കണക്ടിവിറ്റി പ്ലാനും നിർബന്ധമായും തയ്യാറാക്കിയിരിക്കണം എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾ ഗ്രാമപഞ്ചായത്ത് പാലിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ കൃത്യമായി പരിപാലിക്കാത്തതിനാൽ ഓരോ വർഷവും ഗ്രാമപഞ്ചായത്ത് നടപ്പാക്കുന്ന റോഡുവർക്കുകളുടെ കൃത്യമായ വിവരം ബന്ധപ്പെട്ട സ്ഥാപനത്തിൽ ലഭ്യമല്ലാത്ത അവസ്ഥ സംജാതമാക്കുന്നു.

പൊതുമരാമത്ത് വർക്കിംഗ് ഗ്രൂപ്പുകളിലോ, വികസനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയിലോ ഇതുമായി ബന്ധപ്പെട്ട ആവശ്യമുന്നയിക്കുകയോ, ചർച്ചകൾ നടത്തുകയോ ചെയ്തിട്ടില്ല. റോഡ് നിർമ്മാണ / മെയിന്റനൻസ് പ്രവൃത്തികൾ നടപ്പാക്കുന്നത് കണക്ടിവിറ്റി പ്ലാനിനെ അടിസ്ഥാനമാക്കി മുൻഗണനാ ക്രമത്തിൽ ആയിരിക്കേണ്ടതാണ്. ഗ്രാമ പഞ്ചായത്തിന്റെ സമഗ്ര വികസനം ലക്ഷ്യമാക്കി ജനങ്ങൾക്ക് പ്രയോജനപ്രദമായ രീതിയിൽ പ്രോജക്ടുകൾ ആവിഷ്കരിച്ച് നടപ്പാക്കാൻ ശ്രദ്ധിക്കേണ്ടതാണ്. ടി വിഷയത്തിൽ ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റിയുടെ സത്വര ശ്രദ്ധ ക്ഷണിക്കുന്നു.

2) മോണിറ്ററിംഗ് ഫലപ്രദമല്ല

29.03.2017 - ലെ ജി.ഒ.(എം.എസ്.)72/17 ഉത്തരവ് പ്രകാരം പ്രോജക്ട് മോണിറ്ററിംഗ് അതത് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതാണ്. പദ്ധതി രൂപീകരണത്തിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി പ്രവർത്തിക്കേണ്ടതാണ്. പ്രോജക്ടുകളുടെ നിർവ്വഹണ ഘട്ടത്തിൽ വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് സമിതിയായി പ്രവർത്തിക്കുകയോ പ്രോജക്ടിന്റെ നിർവ്വഹണം വിലയിരുത്തുകയോ ചെയ്യുന്നില്ല.

3) കരാറുകളിൽ പൂർത്തീകരണകാലാവധി രേഖപ്പെടുത്തുന്നില്ല

പ്രവൃത്തികൾ ഏറ്റെടുക്കുന്ന കരാറുകാരും ഗുണഭോക്തൃസമിതിയും ഗ്രാമ പഞ്ചായത്തുമായി ഏർപ്പെട്ടിട്ടുള്ള കരാറിൽ പൂർത്തീകരണകാലാവധി രേഖപ്പെടുത്തുന്നില്ല. പൂർത്തീകരണ കാലാവധി രേഖപ്പെടുത്താത്തതിനാൽ പ്രവൃത്തികൾ യഥാസമയം പൂർത്തിയാക്കുന്നുണ്ടോ എന്ന് നിരീക്ഷിക്കുവാനും പ്രവൃത്തി പൂർത്തീകരിക്കാത്ത കരാറുകാർ/ ഗുണഭോക്തൃസമിതിക്കെതിരെ നിയമാനുസൃത നടപടികൾ സ്വീകരിക്കാനും കഴിയാതെ വരുന്നു.

കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തേണ്ടതാണ്.

4) ഗുണഭോക്തൃ സമിതി നടപ്പാക്കിയ പ്രോജക്ടുകൾ - നിർവ്വഹണത്തിൽ കാലതാമസം

പാണകുന്നം - കടപ്പള്ളി റോഡ് നിർമ്മാണം എന്ന പ്രവൃത്തിയുടെ ഗുണഭോക്തൃ സമിതി കൺവീനറായ ശ്രീ. സുധീഷ് ടി.എസ്. തായ്ച്ചേരിച്ചിറ, അസി.എഞ്ചിനീയറുമായി കരാർ ചമച്ചത് 01.01.2016-ലാണ്. കരാറിൽ പൂർത്തീകരണ കാലാവധി രേഖപ്പെടുത്തിയിട്ടില്ല. പ്രവൃത്തിക്കായി പ്രവർത്തന കലണ്ടർ തയ്യാറാക്കിയിട്ടില്ല. ശ്രീ. വി.എ.അനീഷ്, വേടിയത്ത് ആണ് പ്രവൃത്തിയുടെ ഗുണഭോക്തൃസമിതി ചെയർമാൻ. പ്രവൃത്തിയ്ക്കായി ചെയർമാന്റെയും കൺവീനറുടേയും പേരിൽ ജോയിന്റ് അക്കൗണ്ട് ആരംഭിച്ചാണ് പണമിടപാടുകൾ നടത്തേണ്ടത്. എന്നാൽ കൺവീനറുടെ മാത്രം പേരിലുള്ള വിജയാ ബാങ്കിലെ 208401011005073 -ാം നമ്പർ അക്കൗണ്ടിലേക്കാണ് തുക നൽകിയിട്ടുള്ളത്. അളവുപുസ്തകം നം. 431/2017 പ്രകാരം 01.01.2016- ൽ കരാറിൽ ഏർപ്പെട്ട പ്രവൃത്തി ആരംഭിച്ചത് ഒരു വർഷത്തിനുശേഷം മാത്രം 07.01.2017-ലാണ്. 22.05.2017-ലാണ് അളവുപുസ്തകപ്രകാരം പ്രവൃത്തിയുടെ പൂർത്തീകരണ തീയതി. എന്നാൽ കരാർ വച്ച് സമയബന്ധിതമായി പ്രവൃത്തി ആരംഭിക്കാഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിച്ചതായി കാണുന്നില്ല. പി.ഡബ്യു.ഡി മാനുവൽ സെക്ഷൻ 2113 പ്രകാരമുള്ള കംപ്ലീഷൻ സർട്ടിഫിക്കറ്റ് ഫൈനൽ ബില്ലിനോടൊപ്പം തയ്യാറാക്കിയിട്ടില്ല.ഗുണഭോക്തൃ സമിതി മുഖേന നടപ്പാക്കുന്ന പ്രവൃത്തികളിൽ നിയമാനുസൃത നടപടി ക്രമങ്ങൾ പാലിക്കുന്നുണ്ടെന്നും പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കുന്നുണ്ടെന്നും ഉറപ്പാക്കേണ്ടതാണ്. ഈ വിഷയത്തിൽ വികസനകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-10 പാലിയേറ്റീവ് കെയർ

പാലിയേറ്റീവ് കെയർ പ്രോജക്ടിന്റെ നടത്തിപ്പിനും പ്രവർത്തനങ്ങളുടെ മേൽനോട്ടം വഹിക്കുന്നതിനും വേണ്ടി ഗ്രാമ പഞ്ചായത്തിൽ പാലിയേറ്റിവ് കെയർ മാനേജ്മെന്റ് കമ്മറ്റി രൂപീകരിച്ചിട്ടുണ്ട്. പ്രസ്തുത കമ്മറ്റി മൂന്നു മാസത്തിലൊരിക്കലെങ്കിലും കൂടി തങ്ങളുടെ പരിധിയിൽ നടക്കുന്ന പാലിയേറ്റീവ് പ്രവർത്തനങ്ങൾ വിലയിരുത്തേണ്ടതും പ്രോജക്ടിന്റെ നടത്തിപ്പ് സംബന്ധിച്ച വിഷയങ്ങളിൽ തീരുമാനമെടുക്കേണ്ടതുമാണ്. എന്നാൽ ഇത് പാലിച്ചിട്ടില്ല. 10.08.2017, 03.11.2017, 09.03.2018 തീയതികളിൽ മാത്രമാണ് മാനേജ്മെന്റ് കമ്മറ്റി യോഗം ചേർന്നിട്ടുള്ളതെന്ന് കാണുന്നു. ആരോഗ്യ വിദ്യാഭ്യാസ സ്റ്റാൻഡിംഗ് കമ്മറ്റിയിൽ പാലിയേറ്റിവ് പ്രവർത്തനങ്ങൾ ചർച്ച ചെയ്യുകയോ പ്രവർത്തനങ്ങൾ വിലയിരുത്തുകയോ ചെയ്തിട്ടില്ല. തദ്ദേശഭരണ സ്ഥാപനങ്ങൾ വർഷത്തിലൊരിക്കൽ പ്രത്യേക അജണ്ടയായി പാലിയേറ്റിവ് പ്രവർത്തനം വിലയിരുത്തുകയും പ്രവർത്തനം മെച്ചപ്പെടുത്തുകയും ചെയ്യേണ്ടതാണെങ്കിലും ഇപ്രകാരം ഭരണസമിതി ചർച്ച നടത്തുകയോ പ്രവർത്തനം വിലയിരുത്തുകയോ ചെയ്തിട്ടില്ല. കൂടാതെ ഓരോ മാസത്തെയും പ്രതിമാസ അവലോകന റിപ്പോർട്ടും വരവ് ചെലവ് കണക്കും യോഗത്തിൽ അവതരിപ്പിക്കേണ്ടതും യോഗം അത് വിലയിരുത്തി അംഗീകരിക്കേണ്ടതുമാണ്. പാലിയേറ്റീവ് പ്രവർത്തനങ്ങൾ കൂടുതൽ സജീവവും കാര്യക്ഷമവുമാക്കുന്നതിന് പഞ്ചായത്ത് ഭരണസമിതിയുടേയും ആരോഗ്യ സ്റ്റാൻഡിംഗ് കമ്മറ്റിയുടേയും ശ്രദ്ധ ക്ഷണിക്കുന്നു.

## 3-11 ചെലവ് രേഖകൾ ഹാജരാക്കിയില്ല

ഗ്രാമപഞ്ചായത്തിലെ 2017 -18 വർഷത്തെ മഴക്കാലപൂർവ്വ ശുചീകരണ പ്രവർത്തനങ്ങൾക്കായി ശുചിത്വമിഷൻ ഫണ്ടിൽ നിന്നും ലഭ്യമായ 100800 /- രൂപ ( വൌച്ചർ നം .345/25.7.17 ) യും RTGS വഴി ലഭ്യമായ 22680 /- രൂപയും ഉൾപ്പെടെ ആകെ 124020 /- രൂപ മെഡിക്കൽ ഓഫീസർ, പി എച്ച് സി കൈപ്പറ്റിയിട്ടുണ്ട് ( ചെക്ക് നം 012450 /25.7.17 ). തുകയുടെ ചെലവ് രേഖകൾ ഹാജരാക്കുവാൻ ആവശ്യപ്പെട്ട് ഓഡിറ്റ് എൻക്വയറി നൽകിയെങ്കിലും രേഖകൾ ഹാജരാക്കിയില്ല . രേഖകളുടെ അഭാവത്തിൽ 124020 /- രൂപയുടെ ചെലവ് ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-12 മരുന്ന് വാങ്ങൽ -അപാകതകൾ

മെഡിക്കൽ ഓഫീസർ (പി.എച്ച്.സി) നിർവ്വഹണം നടത്തിയ ആരോഗ്യ സുരക്ഷ ജീവൻ സുരക്ഷ-പി.എച്ച്.സിക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ (പ്രോജ. നം.S0030/18) പദ്ധതിയിൽപ്പെടുത്തി പി.എച്ച്.സി. ക്കായി 1,50,486/- രൂപയുടെ (ബിൽനം 2/28.9.17, 9/23.12.17, 14/24.3.18) മരുന്നുകളും സമന-സാന്ത്വന ഗ്രാമം പാലിയേറ്റീവ് പരിചരണം (പ്രോജ. നം.S0032/18) പദ്ധതിയിൽപ്പെടുത്തി പാലിയേറ്റീവ് പരിചരണത്തിൽ ഉൾപ്പെടുന്ന രോഗികൾക്ക് നൽകുന്നതിനായി 150000/-രൂപയുടെ മരുന്നുകളും(ബിൽ നം.4/25.10.17) ഉൾപ്പെടെ ആകെ 3,00,486/- രൂപയുടെ മരുന്നുകൾ ചേർത്തല സപ്ലൈകോ നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയിട്ടുണ്ട്. മാർഗ്ഗരേഖ പ്രകാരം അലോപ്പതി മരുന്നുകൾ കേരളാ മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും വാങ്ങണമെന്നിരിക്കെ KMCLന് ഇൻഡൻറ് പോലും നൽകാതെ തന്നെ സപ്ലൈകോ നീതി മെഡിക്കൽസിൽ നിന്നും ഉയർന്ന നിരക്കിൽ മരുന്ന് വാങ്ങുകയാണ് ചെയ്തത്. മരുന്നുകളുടെ ഇൻഡൻറ് ഫയലിൽ സൂക്ഷിച്ചിട്ടില്ല. ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയ് ലബിലിറ്റി സർട്ടിഫിക്കേറ്റ് ഇല്ലാതെയാണ് മരുന്ന് വാങ്ങിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് അന്വേഷണത്തിന് (നം17/19.2.19) ലഭിച്ച മറുപടിയിൽ KMCL ൽ നിന്നും മരുന്നുകൾ ലഭിക്കാൻ കാലതാമസം വരുന്നതുകൊണ്ടാണ് നീതി മെഡിക്കൽസിൽ നിന്നും വാങ്ങിയതെന്നറിയിച്ചിട്ടുണ്ട്.

മരുന്ന് വാങ്ങലുമായി ബന്ധപ്പെട്ട പദ്ധതികൾ നടപ്പിലാക്കുമ്പോൾ ആവശ്യമായ മരുന്നുകളുടെ ഇൻഡൻറ് തയ്യാറാക്കി ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവയ് ലബിലിറ്റി സർട്ടിഫിക്കേറ്റ് വാങ്ങേണ്ടതാണ്.കൂടാതെ മരുന്നുകൾ KMCL ൽ നിന്ന് വാങ്ങുന്നതിനുള്ള സാധ്യത പരിഗണിക്കേണ്ടതും അടിയന്തര സാഹചര്യങ്ങളിൽ മാത്രം ഹോസ്പിറ്റൽ മാനേജ്മെൻറ് കമ്മിറ്റിയുടെ ശുപാർശ പ്രകാരം നീതി മെഡിക്കൽസിൽ നിന്ന് മരുന്നുകൾ വാങ്ങാവുന്നതുമാണ്.

## 3-13 ക്വട്ടേഷൻ ക്ഷണിക്കാതെ മെഡിക്കൽ ഉപകരണങ്ങൾ വാങ്ങി

മെഡിക്കൽ ഓഫീസർ (അലോപ്പതി) നിർവ്വഹണം നടത്തിയ ആരോഗ്യ സുരക്ഷ ജീവൻ സുരക്ഷ-പി.എച്ച്.സിക്ക് മരുന്നും ഉപകരണങ്ങളും വാങ്ങൽ (പ്രോജ. നം.S0030/18) പദ്ധതിയിൽപ്പെടുത്തി പ്ലാനെറ്റ് ട്രേഡിംഗ്, എന്ന സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ ക്ഷണിക്കാതെ 17881/- രൂപയുടെ(ബിൽ നം. 5/ 27.10.17) മെഡിക്കൽ ഉപകരണങ്ങൾ വാങ്ങിയിട്ടുണ്ട്.മെഡിക്കൽ സർവ്വീസസ് കോർപ്പറേഷനിൽ നിന്നും കുറഞ്ഞ നിരക്കിൽ ഉപകരണങ്ങൾ ലഭിക്കുന്നതിനുള്ള സാധ്യത പരിഗണിക്കാതെയാണ് സ്വകാര്യ സ്ഥാപനത്തിൽ നിന്നും പർച്ചേസ് നടത്തിയിട്ടുള്ളത്.

വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് ലഭ്യമാക്കിയ മറുപടിയിൽ ക്വട്ടേഷൻ ക്ഷണിച്ചാണ് ഉപകരണങ്ങൾ വാങ്ങിയതെന്നും രേഖകൾ ഹാജരാക്കുന്നതാണെന്നും അറിയിച്ചു.ക്വട്ടേഷൻ ക്ഷണിക്കാതെ സ്വകാര്യ സ്ഥാപനത്തിൽ നിന്നും മെഡിക്കൽ ഉപകരണങ്ങൾ പർച്ചേസ് ചെയ്യുന്നതിനായി ചെലവഴിച്ച 17881/- രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു.

## 3-14 ധനവിനിയോഗ സാക്ഷ്യപത്രം ഹാജരാക്കിയില്ല - ചെലവ് തടസ്സപ്പെടുത്തുന്നു.

എസ്.എസ്.എയ്ക്ക് വിഹിതം നൽകൽ (പ്രോജക്ട് നം ) എന്ന പദ്ധതി പ്രകാരം ഗ്രാമപഞ്ചായത്തിന്റെ കീഴിലുള്ള വിവിധ എൽ.പി, യു.പി സ്കൂളുകളിൽ 2017-18 വർഷം എസ്.എസ്.എ മുഖേന നടപ്പാക്കുന്ന അടിസ്ഥാന സൗകര്യ വികസന പ്രവർത്തനങ്ങൾക്കായി 40% ഗ്രാമപഞ്ചായത്ത് വിഹിതമായ 13,03,842 രൂപ (ബിൽ നം 01/2017-18/ 26.7.2017 – 5,93,842 രൂപ, ബിൽ നം 02/2017-18/ 19.9.2017 – 7,10,000 രൂപ ) നൽകിയിട്ടുണ്ട്. എന്നാൽ ടി തുക എപ്രകാരം ചെലവഴിച്ചുവെന്നതു സംബന്ധിച്ച ധനവിനിയോഗ സാക്ഷ്യപത്രം എസ്.എസ്.എയിൽ നിന്നും വാങ്ങി പരിശോധനയ്ക്ക് ഹാജരാക്കിയില്ല. ധനവിനിയോഗ സാക്ഷ്യപത്രം ലഭ്യമാക്കാത്തതിനാൽ 13,03,842 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-15 അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ

ഗ്രാമ പഞ്ചായത്തിലെ അംഗൻവാടികളുടെ അടിസ്ഥാന സൗകര്യങ്ങൾ സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.
ഗ്രാമപഞ്ചായത്ത് പരിധിയിൽ 25 അങ്കണവാടികൾ പ്രവർത്തിയ്ക്കുന്നു. അതിൽ 16 എണ്ണം സ്വന്തം കെട്ടിടത്തിലും 8 എണ്ണം വാടക കെട്ടിടത്തിലുമാണ് പ്രവർത്തിയ്ക്കുന്നത്. 2,9,13,21,22,23,24,25 എന്നിവയാണ് വാടക കെട്ടിടത്തിൽ പ്രവർത്തിക്കുന്നത്. അംഗൻവാടി നം. 11 പഞ്ചായത്ത് കെട്ടിടത്തിൽ പ്രവർത്തിക്കുന്നു. അംഗൻവാടി നം. 22, 24 എന്നിവയ്ക്ക് സ്വന്തമായി സ്ഥലമുണ്ടെങ്കിലും കെട്ടിടനിർമ്മാണം ആരംഭിച്ചിട്ടില്ല. എല്ലാ അംഗൻവാടികൾക്കും ബോർവെൽ കണക്ഷൻ ഉണ്ട്. ഒരു അംഗൻവാടിക്ക് പൈപ്പ് കണക്ഷനും ഒരെണ്ണത്തിന് കിണർ സൗകര്യവും ഉണ്ട്. 7 അംഗൻവാടികൾക്കുമാത്രമാണ് ബേബി ഫ്രണ്ട്‌ലി ടോയ്‌ലെറ്റ് ഉള്ളത്. എല്ലാ അംഗൻവാടികൾക്കും വൈദ്യുതി കണക്ഷൻ ഉണ്ട്. 11അങ്കണവാടികൾക്ക് മാത്രമാണ് ചുറ്റുമതിൽ ഉള്ളത്. എല്ലാ അങ്കണവാടികൾക്കും ആഹാരസാധനങ്ങൾ സൂക്ഷിക്കുവാനുള്ള സൗകര്യങ്ങൾ ഉണ്ട്.

22.03.2011-ലെ സർക്കുലർ നമ്പർ .31055/ഡി.സി.2/2011/ത.സ്വ.ഭ.വ സർക്കുലർ പ്രകാരം എല്ലാ വർഷവും മെയ് 10- നകം തദ്ദേശഭരണ സ്ഥാപനത്തിന്റെ എഞ്ചിനീയർ/ഓവർസീയർ വാടകകെട്ടിടങ്ങൾ ഉൾപ്പെടെയുള്ള എല്ലാ അംഗൻവാടികളും സന്ദർശിക്കേണ്ടതും പരിശോധിച്ച് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് നൽകേണ്ടതുമാണ്. ഗ്രാമ പഞ്ചായത്ത് പരിധിയിലുള്ള അംഗൻവാടികൾക്ക് ഫിറ്റ്നെസ് സർട്ടിഫിക്കറ്റ് ലഭിച്ചിട്ടുണ്ടെന്ന് ഐ.സി.ഡി.എസ് സൂപ്പർവൈസർ അറിയിച്ചെങ്കിലും ഇത് സംബന്ധിച്ച രേഖകളൊന്നും തന്നെ പരിശോധനയ്ക്ക് ഹാജരാക്കിയില്ല. അടിസ്ഥാന സൗകര്യവികസനത്തിനായി ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മറ്റിയുടെ മുമ്പാകെ രേഖാമൂലം അപേക്ഷ സമർപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ അംഗൻവാടി നം. 4, 17 എന്നിവ അറ്റകുറ്റപ്പണി നടത്തി നവീകരിച്ചതായി നിർവ്വഹണ ഉദ്യോഗസ്ഥ അറിയിച്ചു. അങ്കണവാടി കെട്ടിടങ്ങളുടെ സംരക്ഷണം, പ്രവേശനോത്സവം മുതലായ പ്രവർത്തനങ്ങൾ നടത്തുന്നതിന് സർക്കാർ പുറപ്പെടുവിച്ച സർക്കുലർ നം. 31055/ഡി.സി.2/2011/ത.സ്വ.ഭ.വ/22.03.2011ലെ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ നടപടികൾ സ്വീകരിക്കാവുന്നതാണ്. അങ്കണവാടികളുടെ അടിസ്ഥാന സൌകര്യങ്ങൾ മെച്ചപ്പെടുത്തുന്നതിൽ ക്ഷേമകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

## 3-16 വർക്കിംഗ് ഗ്രൂപ്പുകൾ, വികസനസെമിനാർ - പ്രവർത്തനം കാര്യക്ഷമമല്ല

പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ നിർവ്വഹിക്കേണ്ടതായ രണ്ടു പ്രധാന ചുമതലകൾ കരട് പ്രോജക്ട് നിർദ്ദേശങ്ങൾ തയ്യാറാക്കി ഗ്രാമസഭ/ഊരുകൂട്ട യോഗങ്ങളിൽ അവതരിപ്പിക്കുക, ചർച്ചകളുടേയും തീരുമാനങ്ങളുടേയും അടിസ്ഥാനത്തിൽ പ്രോജക്ട് നിർദ്ദേശങ്ങൾക്ക് മുൻഗണന നിശ്ചയിച്ച് ഭരണസമിതിയുടേയും തുടർന്ന് വികസന സെമിനാറിന്റേയും പരിശോധനയ്ക്ക് സമർപ്പിക്കുക എന്നിവയാണ്. അവ ഫലപ്രദമായി നിറവേറ്റണമെങ്കിൽ വർക്കിംഗ് ഗ്രൂപ്പ് യോഗങ്ങളിലെ ചർച്ചകളുടെ അടിസ്ഥാനത്തിൽ ശുപാർശകൾ ക്രമീകരിക്കേണ്ടതാണ്. അതിനാൽ ഈ രണ്ടു ദൗത്യങ്ങളും നിർവ്വഹിക്കുന്നതിന്റെ മുന്നോടിയായി വർക്കിംഗ് ഗ്രൂപ്പുകളുടെ യോഗം ചേരണമെന്നുള്ളത് അനിവാര്യമാണ്. ഇപ്രകാരം കൂടുന്ന യോഗങ്ങളിൽ വർക്കിംഗ് ഗ്രൂപ്പിലെ അംഗങ്ങൾ നിശ്ചയമായും പങ്കെടുക്കേണ്ടതാണ്.

ഗ്രാമ പഞ്ചായത്തിൽ രൂപീകരിച്ചിട്ടുള്ള വർക്കിംഗ് ഗ്രൂപ്പുകൾ യഥാസമയം യോഗം ചേരുന്നതിലും പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് ക്രിയാത്മകമായ ചർച്ച നടത്തുന്നതിലും വീഴ്ച വരുത്തിയതായി വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് പരിശോധിച്ചതിൽ നിന്നും വ്യക്തമാകുന്നു. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തെ പദ്ധതിരൂപീകരണവുമായി ബന്ധപ്പെട്ട് വർക്കിംഗ് ഗ്രൂപ്പുകൾ 21.02.2017 തീയതിയിൽ ഒരു യോഗം മാത്രമാണ് ചേർന്നിട്ടുള്ളത്. പ്രോജക്ടുകളുടെ നിർവ്വഹണഘട്ടത്തിലും പൂർത്തീകരണഘട്ടത്തിലും വർക്കിംഗ് ഗ്രൂപ്പുകളുടെ സജീവ സാന്നിദ്ധ്യമില്ല എന്നാണ് ഇത് വ്യക്തമാക്കുന്നത്. ഓരോ പ്രോജക്ടിന്റേയും യുക്തി, ക്ഷമത, പ്രായോഗികത, നിയമസാധുത, വിജയസാധ്യത എന്നിവ ഉറപ്പുവരുത്താൻ ഉത്തരവാദപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ കർത്തവ്യം നിറവേറ്റുന്നതിൽ വീഴ്ച വരുത്തിയെന്നാണ് ഇതിൽനിന്നും വ്യക്തമാകുന്നത്. പ്രോജക്ടുകൾ നടപ്പാക്കിയതിനുശേഷം വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് സമിതികളായി മാറേണ്ടതാണ്. എന്നാൽ പ്രോജക്ടുകളുടെ മോണിറ്ററിംഗ് നടത്തുന്നതിലും ബന്ധപ്പെട്ട വർക്കിംഗ് ഗ്രൂപ്പുകൾ വീഴ്ച വരുത്തിയിട്ടുണ്ട്.

പരമാവധി ജന പങ്കാളിത്തത്തോടെ തദ്ദേശ ഭരണ സ്ഥാപനത്തിന്റെ വാർഷിക പദ്ധതി നിർദ്ദേശങ്ങൾക്ക്

രൂപം നൽകുക എന്നതാണ് വികസനസെമിനാറിന്റെ ലക്ഷ്യം. ഗ്രാമ പഞ്ചായത്തിൽ 2017-18 വർഷത്തെ പദ്ധതി രൂപീകരണവുമായി ബന്ധപ്പെട്ട് 02.05.2017-ലാണ് വികസനസെമിനാർ നടത്തിയിട്ടുള്ളത്. ഗ്രാമ പഞ്ചായത്തിലെ വിവിധ മേഖലകളിലെ വർക്കിംഗ് ഗ്രൂപ്പ് മിനിട്സ് ബുക്കുകളിൽ തന്നെയാണ് വികസനസെമിനാർ മിനിട്സും രേഖപ്പെടുത്തിയിട്ടുള്ളത്. വികസനസെമിനാറിൽ വർക്കിംഗ് ഗ്രൂപ്പ് അടിസ്ഥാനത്തിൽ സജീവവും ക്രിയാത്മകവുമായ ഗ്രൂപ്പ് ചർച്ചകൾ സംഘടിപ്പിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 സംയുക്ത പ്രോജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രോജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 323000 | നെൽകൃഷി വികസനം | 323000 | 0 |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 187000 | ഹരിതകേരളം | 187000 | 0 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 4000000 | ഗ്രീൻ & ക്ലീൻ മാരാരിക്കുളം | 0 | 4000000 |
| ജില്ലാ പഞ്ചായത്ത് | 2017-18 | 325000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 325000 | 0 |
| കഞ്ഞിക്കുഴി ബ്ലോക്ക് പഞ്ചായത്ത് | 2017-18 | 325000 | മാനസിക ശാരീരിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 325000 | 0 |
| കഞ്ഞിക്കുഴി | 2017-18 | 600000 | പാലിന് സബ്സിഡി | 100000 | 0 |

| | | | | | | |
|---|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | | | | | | |

4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. വിശദ വിവരം താഴെ കൊടുക്കുന്നു.

| നിർവ്വഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | ബിൽ.നം./ചെക്ക് നം തീയതി | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കെ.എസ്.ഇ.ബി | വൈദ്യുതിലൈൻ എക്സ്റ്റെൻഷൻ | 653177/08.11.2017<br>653174/08.11.2017<br>99334/1.3.2018 | 5325633 | 0 | 5325633 |

4-3മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല

4-4. വായ്പ/ വായ്പ തിരിച്ചടവ്

ഇല്ല

4-5. സ്ഥിരനിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിരനിക്ഷേപം | 2468248 |
| തൻവർഷം ലഭിച്ച പലിശ | 631245 |
| തൻവർഷം നിക്ഷേപിച്ച തുക | 10288897 |
| ആകെ | 13388390 |
| തന്നാണ്ടിൽ പിൻവലിച്ച തുക | 0 |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 13388390 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം ചുവടെ ചേർക്കുന്നു.

| നിക്ഷേപത്തിന്റെ വിവരം | ബാങ്ക് | തുക |
|---|---|---|
| FD No. 5321 തീയതി. | ആലപ്പുഴ ജില്ലാ സഹകരണ | 1338207 |

| | | |
|---|---|---|
| 08.01.2017 | ബാങ്ക്, കഞ്ഞിക്കുഴി | |
| FD No.5320 തീയതി. 04.01.2017 | “ | 1341957 |
| FD No.2954 തീയതി. 11.06.2017 | “ | 11017 |
| FD No.6393 തീയതി. 09.05.2017 | “ | 315017 |
| FD No.3041 തീയതി. 16.06.2017 | “ | 5191096 |
| FD No.3042 തീയതി. 16.06.2017 | “ | 5191096 |
| ആകെ | | 13388390 |

4-6 ഓഡിറ്റ് റിക്കവറി

ഇല്ല

4-7സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

ഇല്ല

4-8 ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം

ഇല്ല

4-9. ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | : | 116503614 |

| | | |
|---|---|---|
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | : | 94106489 |
| വരവിനങ്ങളിലുള്ള നഷ്ടം | : | 500 |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | : | 105303 |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | : | 9795142 |

(ബി) പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

| ഖണ്ഡിക നമ്പർ | തുക | | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|---|
| | ചാർജ്ജ് ചെയ്യാവുന്നത് | സർചാർജ്ജ് ചെയ്യാവുന്നത് | |
| 2-2 | 500 | | കെ.എം.ഷിബു, സെക്രട്ടറി |
| 3-2(1) | | 105303 | ഷെറിൻ മസൂദ്, കൃഷി ഓഫീസർ |
| ആകെ | 500 | 105303 | |

തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-2(1) | 458598 | ഷെറിൻ മസൂദ്, കൃഷി ഓഫീസർ |
| 3-2(2) | 774360 | ഷെറിൻ മസൂദ്, കൃഷി ഓഫീസർ |
| 3-4 | 1848750 | കെ.എം.ഷിബു, സെക്രട്ടറി |
| 3-5 | 5267691 | കെ.എം.ഷിബു, സെക്രട്ടറി |
| 3-11 | 124020 | ഡോ.രജനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |

| | | |
|---|---|---|
| 3-13 | 17881 | ഡോ.രജനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി |
| 3-14 | 1303842 | |
| ആകെ | 9795142 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| കെ.എം.ഷിബു, സെക്രട്ടറി | സെക്രട്ടറി, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | ഷാ നിവാസ്, നോർത്ത് ആര്യാട്, ആലപ്പുഴ |
| ഷെറിൻ മസൂദ്, കൃഷി ഓഫീസർ | കൃഷി ഓഫീസർ, കൃഷി ഭവൻ, ഒട്ടൂർ, മൊങ്കോട് പി ഒ, വർക്കല | 8 ജെ ബ്ലോക്ക് ബി, ശ്രീധന്യ ഹോം, കല്ലംപള്ളി, ശ്രീകാര്യം പി.ഒ, തിരുവനന്തപുരം |
| ഡോ.രജനി, മെഡിക്കൽ ഓഫീസർ, പി.എച്ച്.സി | മെഡിക്കൽ ഓഫീസർ, പി.എച്ച്.സി, മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്ത് | വൃന്ദാവനം, റ്റിസി 1918 -1, തിരുമല പി.ഒ. തിരുവനന്തപുരം |

4-10.തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിന്റെ വിവരം |
|---|---|
| 1998-99 | എൽ.എഫ്.എ5-1832/11/20-01-12 – ഓഡിറ്റ് അദാലത്ത് 2011-12 |
| 2002-03 | |
| 2003-04 | |
| 2004-05 | |
| 2005-06 | |
| 2006-07 | എൽ.എഫ്.ജി.എ-5/1577/13/7-6-2014- ഓഡിറ്റ് അദാലത്ത് 2013-14 |
| 2007-08 | |
| 2008-09 | |
| 2009-10 | |
| 2010-11&2011-12 | എൽ.എഫ്.എ.പി8-251/13/14.05.13/26.06.13 |
| 2012-13 | എൽ.എഫ്.എ.പി8-480/14/25.06.14/10.11.14 |
| 2013-14 | എൽ.എഫ്.എ.പി8-559/15/17.07.15/04.08.15 |
| 2014-15 | കെ.എസ്.എ-എ.എൽ.പി/പി8-633/16, തീ. 16.06.2016 |

| | |
|---|---|
| 2015-16 | കെ.എസ്.എ/എ.എൽ.പി/പി8/1528/16 തീ.3.1.2017 |
| 2016-17 | കെ.എസ്.എ/എ.എൽ.പി/പി8/860/17 തിയതി.10.07.2017 |

തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ തീർപ്പാക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

ഡെപ്യൂട്ടി ഡയറക്ടർ,
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം 1

•

നം.കെ.എസ്.എ/എ.എൽ.പി/പി /

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്,
ജില്ലാ ഓഡിറ്റ് ഓഫീസ്, ആലപ്പുഴ
തീയതി:

## ഓഡിറ്റ് സർട്ടിഫിക്കറ്റ്

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ, വകുപ്പ്.4, 1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6), 2011ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത്/നഗരപാലിക സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018 ലെ (സാധാ)1413/ 2018/ത.സ്വ. ഭ.വ, നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും മാരാരിക്കുളം വടക്ക് ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു .

എന്റെ അഭിപ്രായത്തിൽ അന്യത്ര ചേർത്ത അപാകതകൾ ഒഴികെ സ്ഥാപനത്തിന്റെ 2017-18സാമ്പത്തിക വർഷത്തെ വാർഷിക കണക്കുകൾ ശരിയായ വിധത്തിൽ സൂക്ഷിക്കുന്നു. സ്ഥാപനത്തിന്റെ വരവുകൾ യഥാവിധി കണക്കിലുൾപ്പെടുത്തിയിട്ടുണ്ട്. ചെലവുകൾ എല്ലാം തന്നെ വൗച്ചറുകളുടെ അടിസ്ഥാനത്തിലാണ്.

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ല ഓഡിറ്റ് കാര്യാലയം, ആലപ്പുഴ

# അനുബന്ധം 2

•

| | | |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | സംക്ഷിപ്തം (Audited Abstract) |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ആലപ്പുഴ